17
2025
സെപ്റ്റംബർ
ബുധൻ
കന്നി 1

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 232 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-232 പേജ് 4. വില 2.00 രൂപ




02 അനിശ്ചിതകാല നിരാഹാര സമരം പ്രഖ്യാപിച്ച് വി. ഡി. സതീശൻ
03 ഇന്ത്യ-യുഎസ് വ്യാപാര ചർച്ചകൾ ഇന്ന് ആരംഭിക്കും
04 രാജ്യത്തെ ഏറ്റവും മികച്ച പോലീസ് സേന കേരളത്തിലേത്; മുഖ്യമന്ത്രി

## എംഎസ്‌സി എൽസ 3 കപ്പൽ അപകടം
# മൂന്നു മാസമായിട്ടും നഷ്ടപരിഹാരം നൽകാനാവാതെ സർക്കാർ



കൊച്ചി: എംഎസ്‌സി എൽസ3 കപ്പൽ അപകടം നടന്നിട്ട് മൂന്ന് മാസം പിന്നിടുമ്പോഴും നഷ്ടപരിഹാരം വാങ്ങിച്ചെടുക്കാനുള്ള നടപടികളിൽ മെല്ലെപ്പോക്ക് തുടർന്ന് സർക്കാർ.

ബാധ്യത 132 കോടിയിൽ പരിമിതപ്പെടുത്തണമെന്ന് മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനി കോടതിയെ അറിയിച്ചിട്ടും സർക്കാർ ഇതുവരെ എതിർപ്പ് അറിയിച്ചിട്ടില്ല. പാരിസ്ഥിതിക ആഘാതം ഉണ്ടായെന്ന് തെളിയിച്ചാൽ പരിധികളില്ലാത്ത നഷ്ടപരിഹാരം ലഭിക്കുമെങ്കിലും ഒന്നും ചെയ്യുന്നില്ലെന്നാണ് നിയമവിദഗ്ധരും മത്സ്യത്തൊഴിലാളികളും ഉന്നയിക്കുന്ന ആരോപണം.

കൊല്ലം അഴീക്കലിൽ നിന്ന് പോയ ശിവസുതൻ വള്ളത്തിന്റെ വല രണ്ടു തവണയാണ് എംഎസ്എസി എൽസയിൽ നിന്ന് വീണ കണ്ടെയ്നറിൽ കുടുങ്ങി കീറിയത്. വലയും ഉപകരണങ്ങളുമടക്കം 30 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി.

എറണാകുളം മുതൽ കൊല്ലം വരെയുള്ള നൂറുകണക്കിന് മത്സ്യത്തൊഴിലാളികളുടെ ഉപകരണങ്ങളാണ് നശിച്ചു പോകുന്നത്. ഇതിനിടെയാണ് അപകടത്തിന്റെ ബാധ്യത വെറും 132 കോടിയിൽ പരിമിതപ്പെടുത്താനുള്ള മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനിയുടെ ശ്രമം. പാരിസ്ഥിതിക ആഘാതവും മത്സ്യത്തൊഴിലാളികളുടെ നഷ്ടവുമൊക്കെ കണക്കാക്കി സർക്കാർ ആവശ്യപ്പെട്ട 9,531 കോടിയുടെ 1.3ശതമാനം മാത്രമാണ് കമ്പനി പറഞ്ഞ തുക.

കമ്പനിയുടെ കപ്പലുകൾ അറസ്റ്റ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ തടയണമെന്നും എംഎസ്സി കോടതിയിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ സർക്കാർ ഇതുവരെ നിലപാട് വ്യക്തമാക്കിയിട്ടില്ല.

## പാലിയേക്കര ടോൾ പിരിവിന് അനുമതി നല്കാതെ ഹൈക്കോടതി




കൊച്ചി: ഇടപ്പള്ളി-മണ്ണുത്തി ദേശീയപാതയിലെ പാലിയേക്കരയിലെ ടോൾ പിരിവിനുള്ള വിലക്ക് നീക്കാതെ ഹൈക്കോടതി. ടോൾ പിരിവ് തടഞ്ഞുകൊണ്ടുള്ള ഉത്തരവ് തത്കാലം ഹൈക്കോടതി പുനഃപരിശോധിക്കില്ല. ടോൾ പിരിവ് വീണ്ടും ആരംഭിക്കുന്നതിനായി ദേശീയപാത അതോറിറ്റി നൽകിയ ഹർജി ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വ്യാഴാഴ്ചയിലേക്ക് മാറ്റിവച്ചു.

പാതയിലെ ഗതാഗത പ്രശ്നവുമായി ബന്ധപ്പെട്ട് കളക്ടറുടെ റിപ്പോർട്ട് ഹൈക്കോടതി തേടിയിരുന്നു. ഇതിൽ റോഡിലെ പ്രശ്നങ്ങൾ കണ്ടെത്തിയ 18 ൽ 13 ഇടങ്ങളിലേയും പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിച്ചുവെന്നാണ് ചൂണ്ടിക്കാട്ടിയിരുന്നത്. എന്നാൽ, ഈ റിപ്പോർട്ട് പോലും പൂർണമല്ലെന്നാണ് കോടതി പറഞ്ഞത്.

ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുന്നോട്ട് പോവാനാവില്ലെന്ന് വ്യക്തമാക്കിയ കോടതി ഇന്ന് ഉച്ചയ്ക്കകം പുതിയ റിപ്പോർട്ട് നൽകാമോ എന്ന് ചോദിച്ചു. എന്നാൽ കൂടുതൽ സമയം വേണമെന്ന് കളക്ടർ പറഞ്ഞു.

ഇതോടെ പ്രശ്നങ്ങൾ നിസാരമായി എടുക്കരുതെന്നും ജനങ്ങളെ പരീക്ഷിക്കരുതെന്നും കോടതി മുന്നറിയിപ്പ് നല്കി. പൂർണ റിപ്പോർട്ട് സമർപ്പിച്ചശേഷം ടോൾ സംബന്ധിച്ച് ആലോചിക്കാമെന്നും കോടതി അറിയിച്ചു.

## ഇസ്രയേൽ കരയുദ്ധം തുടങ്ങി; ചോരക്കളമായി ഗാസ

ടെൽഅവീവ്: ഗാസ നഗരം പിടിച്ചെടുക്കുകയെന്ന ലക്ഷ്യത്തോടെ ഇസ്രയേൽ കരയുദ്ധം ആരംഭിച്ചു. ചൊവ്വാഴ്ച നടത്തിയ ആക്രമണത്തിൽ അറുപതുപേർ കൊല്ലപ്പെട്ടതായി റിപ്പോർട്ടുകളുണ്ട്. ഗാസയിൽ ഗ്രൗണ്ട് ഓപ്പറേഷൻ തുടങ്ങിയതായി ഇസ്രയേൽ സേന അറിയിച്ചു.

ആക്രമണം ശക്തമായതോടെ ഗാസയിൽ നിന്ന് പലസ്തീനികൾ കൂട്ടപ്പലായനം തുടരുകയാണ്. ഗാസ മുനമ്പിനെ പല ഭാഗങ്ങളാക്കി തിരിച്ച് സമ്പൂർണ സൈനിക നടപടിയെന്ന് വ്യക്തമാക്കും വിധത്തിലുള്ള മാപ്പ് ഇസ്രയേൽ സേന എക്സിൽ പങ്കുവെച്ചിരുന്നു.

ഇതിനു പിന്നാലെയാണ് രൂക്ഷമായ ആക്രമണമുണ്ടായത്. ഇതിനിടെ പലസ്തീനികളെ ഇസ്രയേൽ വംശഹത്യ നടത്തുകയാണെന്ന ഐക്യരാഷ്ട്രസഭയുടെ അന്വേഷണക്കമ്മീഷൻ റിപ്പോർട്ട് പുറത്തുവന്നു.

## ഇത് സ്റ്റാലിന്റെ റഷ്യയല്ല, പിണറായി ആഭ്യന്തര വകുപ്പ് ഒഴിയണം: വി. ഡി. സതീശൻ

തിരുവനന്തപുരം: സംസ്ഥാനത്തെ പോലീസ് അതിക്രമങ്ങളിൽ മുഖ്യമന്ത്രി പിണറായി വിജയനെതിരെ നിയമസഭയിൽ ആഞ്ഞടിച്ച് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. ഇത് സ്റ്റാലിന്റെ റഷ്യയല്ലെന്നും ജനാധിപത്യ കേരളമാണെന്നും സതീശൻ അടിയന്തര പ്രമേയ ചർച്ചയിൽ പറഞ്ഞു.

കുന്നംകുളം, പീച്ചി, പേരൂർക്കട സംഭവങ്ങൾ നിരത്തിക്കൊണ്ടായിരുന്നു സതീശന്റെ പ്രതികരണം. മുഖ്യമന്ത്രി സ്റ്റാലിൻ ചമയാൻ ശ്രമിച്ചാൽ ചോദ്യം ചെയ്യുമെന്ന പറഞ്ഞ സതീശൻ, മുഖ്യമന്ത്രി ആഭ്യന്തരവകുപ്പിന്റെ ചുമതല ഒഴിയണമെന്നും ആവശ്യപ്പെട്ടു.

പോലീസിലെ ഏറാൻമൂളികൾക്ക് സർക്കാർ പ്രോത്സാഹനം കൊടുക്കുകയാണ്. വൃത്തികേടുകൾക്ക് മുഴുവൻ പോലീസ് കൂട്ടുനിൽക്കുന്നു. ഏരിയാ സെക്രട്ടറിയേയും ജില്ലാ സെക്രട്ടറിയേയും പോലീസിന് പേടിയാണെന്നും സതീശൻ കുറ്റപ്പെടുത്തി. മുഖ്യമന്ത്രി സ്റ്റാലിൻ ചമയാൻ ശ്രമിച്ചാൽ ചോദ്യം ചെയ്യും. മുഖ്യമന്ത്രി ആഭ്യന്തര വകുപ്പിന്റെ ചുമതല ഒഴിയണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കുന്നംകുളം കേസിലെ ഉത്തരവാദികളായ പോലീസുകാരെ സർവീസിൽ നിന്നു പുറത്താക്കുന്നതു വരെ നിയമസഭാ കവാടത്തിൽ അനിശ്ചിതകാല നിരാഹാര സമരം തുടരുമെന്നും പ്രതിപക്ഷ നേതാവ് നിയമസഭയിൽ പറഞ്ഞു.

### ഖത്തറിനെ ഇസ്രയേൽ ഇനി ആക്രമിക്കില്ല; നെതന്യാഹു ഉറപ്പ് നൽകിയെന്ന് ട്രംപ്

വാഷിംഗ്ടൺ ഡിസി: ഖത്തറിനെ ഇസ്രയേൽ ഇനി ആക്രമിക്കില്ലെന്നും ഇക്കാര്യത്തിൽ ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ഉറപ്പു നൽകിയെന്നും യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്.

ദോഹ ഉച്ചക്കോടിക്കു പിന്നാലെയാണ് ഡോണൾഡ് ട്രംപിന്റെ പ്രതികരണം. മുഴുവൻ ബന്ദികളെയും ഉടൻ മോചിപ്പിക്കണമെന്നും ഹമാസിനു ട്രംപ് മുന്നറിയിപ്പ് നൽകി. അതേസമയം, ഹമാസിനെ ലക്ഷ്യമിട്ട് വിദേശത്ത് ഇനിയും ആക്രമണം നടത്തിയേക്കും എന്നാണ് ബെന്യാമിൻ നെതന്യാഹുവിന്റെ നിലപാട്.

## രാഹുൽ മാങ്കൂട്ടത്തിലിനെ അനുഗമിച്ച സംഭവം; നേമം ഷജീറിനെതിരെ പരാതി നൽകും

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയെ അനുഗമിച്ച് നിയമസഭയിലെത്തിയ യൂത്ത് കോൺഗ്രസ് തിരുവനന്തപുരം ജില്ലാ പ്രസിഡൻറ് നേമം ഷജീറിനെതിരെ പരാതി നൽകാൻ യൂത്ത് കോൺഗ്രസിലെ ഒരു വിഭാഗം.

കോൺഗ്രസിൽ നിന്ന് സസ്പെൻഡ് ചെയ്ത രാഹുൽ മാങ്കൂട്ടത്തിലിനൊപ്പം പോയതിനെ തുടർന്നാണ് ഷജീറിനെതിരെ പരാതി നൽകാൻ യൂത്ത് കോൺഗ്രസിലെ ഒരു വിഭാഗം തീരുമാനിച്ചിരിക്കുന്നത്. ഇതേ തുടർന്ന് കെപിസിസി അധ്യക്ഷനും അച്ചടക്ക സമിതിയിലും പരാതി നൽകും.

പാർട്ടി നടപടി നേരിടുന്ന എംഎൽഎയ്ക്കൊപ്പം പോയത് തെറ്റായ സന്ദേശം നൽകുമെന്നാണ് വിലയിരുത്തൽ. എന്നാൽ ഷജീർ ഉൾപ്പെടെയുള്ളവർ കഴിഞ്ഞ ദിവസം രാഹുൽ മാങ്കൂട്ടത്തിലിനെ അനുഗമിച്ചത് കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫ് ന്യായീകരിച്ച് രംഗത്തെത്തിയിരുന്നു.

നേമം ഷജീർ, സംസ്ഥാന സെക്രട്ടറി റെനോ പി. രാജൻ, സഹായി ഫസൽ എന്നിവരാണ് രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയെ കഴിഞ്ഞ ദിവസം അനുഗമിച്ചത്. ഇത് കോൺഗ്രസ് അനുവാദത്തോടെയാണ് എംഎൽഎ നിയമസഭയിലേക്കെത്തിയതെന്ന വ്യാഖ്യാനം സൃഷ്ടിച്ചുവെന്നാണ് പരാതിക്കാരുടെ വിലയിരുത്തൽ.

### വേടന്റെ കുടുംബത്തിന്റെ പരാതി: തൃക്കാക്കര എസിപിയുടെ നേതൃത്വത്തിൽ അന്വേഷണം

കൊച്ചി: റാപ്പർ വേടനെതിരേ ഗൂഢാലോചന നടന്നെന്ന കുടുംബത്തിന്റെ പരാതിയിൽ അന്വേഷണത്തിനൊരുങ്ങി പോലീസ്. തൃക്കാക്കര എസിപിയുടെ നേതൃത്വത്തിലാണ് അന്വേഷണം. വേടനെതിരെ തുടർച്ചയായി ലൈംഗികാതിക്രമ പരാതികൾ ഉണ്ടാകുന്നതിന് പിന്നിൽ ഗൂഢാലോചനയുണ്ടെന്ന് ആരോപിച്ച് സഹോദരൻ ഹരിദാസ് മുഖ്യമന്ത്രിക്ക് പരാതി നൽകിയിരുന്നു.

## മാസപ്പടി കേസ്: ഹർജികൾ പരിഗണിക്കുന്നത് വീണ്ടും മാറ്റിവച്ച് ഡൽഹി ഹൈക്കോടതി

ന്യൂഡൽഹി: മുഖ്യമന്ത്രിയുടെ മകൾ വീണ വിജയൻ ഉൾപ്പെട്ട മാസപ്പടി കേസിൽ ഹർജികൾ പരിഗണിക്കുന്നത് വീണ്ടും മാറ്റിവച്ച് ഡൽഹി ഹൈക്കോടതി. ജസ്റ്റിസ് നീനു ബെൻസാലിന്റെ ബെഞ്ചിന് മുൻപാകെയാണ് ഹർജി ഇന്ന് ലിസ്റ്റ് ചെയ്തത്.

കേസിൽ ഒക്ടോബർ 28,29 തീയതികളിൽ ബെഞ്ച് വാദം കേൾക്കും. രണ്ട് ദിവസങ്ങളിലും ഉച്ചയ്ക്ക് 3.30ന് കോതി വാദം കേൾക്കും. പലകുറി കേസ് പരിഗണനയ്ക്കെത്തിയിട്ടും മാറിപ്പോയതായും എത്രയും വേഗം വാദം കേട്ട് കോടതി വിധി പറയണമെന്നും എസ്എഫ്ഐഒ നേരത്തെ കോടതിയെ അറിയിച്ചിരുന്നു.

ജസ്റ്റിസ് ഗിരീഷ് കട് പാലിയുടെ ബെഞ്ചിന് മുമ്പാകെയാണ് നേരത്തെ ഹർജികൾ ലിസ്റ്റ് ചെയ്തിരുന്നത്. എന്നാൽ റോസ്റ്റർ മാറിയതോടെ പുതിയ ബെഞ്ചിന് മുമ്പാകെ എത്തുകയായിരുന്നു. മുൻപ് കേസ് പരിഗണിച്ച ജസ്റ്റിസ് സുബ്രഹ്മണ്യം പ്രസാദിന്റെ ബഞ്ച് വിചാരണ കോടതിയിലെ നടപടികളുമായി മുന്നോട്ടു പോകരുതെന്ന് നിർദേശിച്ചിരുന്നു. നിലവിലെ ഹർജിയിൽ ഹൈക്കോടതി തീരുമാനം എടുക്കുന്നതുവരെ തുടർനടപടി പാടില്ലെന്നാണ് ഡൽഹി ഹൈക്കോടതിയുടെ നിർദേശം.

### രോഗിയുമായി പോയ കാർ നിയന്ത്രണം വിട്ട് മറിഞ്ഞു; നാല് പേർക്ക് പരിക്കേറ്റു

കണ്ണൂർ: പെരളശേരിയിൽ രോഗിയുമായി പോയ ആംബുലൻസ് അപകടത്തിൽപ്പെട്ടു. ഉരുവച്ചാലിൽ നിന്നും രോഗിയുമായി കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിലേക്ക് പോകുന്നതിനിടെയാണ് അപകടമുണ്ടായത്. പെരളശേരിയിൽ വച്ച് ബൈക്കിലിടിക്കാതിരിക്കാൻ വെട്ടിച്ച ആംബുലൻസ് നിയന്ത്രണം വിട്ട് മറിയുകയായിരുന്നു.

## ഉത്തരാഖണ്ഡിൽ വീണ്ടും മേഘവിസ്ഫോടനം, മിന്നൽ പ്രളയം; വാഹനങ്ങളും കെട്ടിടങ്ങളും ഒഴുകിപ്പോയി

ന്യൂഡൽഹി: ഉത്തരാഖണ്ഡിലെ ഡെറാഡൂണിൽ വീണ്ടും മേഘവിസ്ഫോടനം. തിങ്കളാഴ്ച രാത്രിയോടെ ആരംഭിച്ച അതിശക്തമായ മഴയെത്തുടർന്നുണ്ടായ മിന്നൽ പ്രളയത്തിലും മണ്ണിടിച്ചിലിലും വീടുകൾക്കും റോഡുകൾക്കും കേടുപാടുകൾ സംഭവിച്ചു. തപോവൻ മേഖലയിൽ നിരവധി വാഹനങ്ങളും കടകളും ഒലിച്ചുപോയി. രണ്ടുപേരെ കാണാതായതായാണ് ഇതുവരെ പുറത്ത് വന്ന റിപ്പോർട്ട്. സഹസ്ത്രധാരയിലും തംസ നദിയിലും കാണാതായ ആളുകൾക്കായി തിരച്ചിൽ തുടരുകയാണ്. ചരിത്രപ്രസിദ്ധമായ തപ്കേശ്വർ മഹാദേവ് ക്ഷേത്രത്തിന്റെ പരിസരം വെള്ളത്തിനടിയിലായി. ഋഷികേശ് മേഖലയിൽ ചന്ദ്രഭാഗ നദി കരകവിയുകയാണ്. പുഴയിൽ കുടുങ്ങിയ മൂന്നുപേരെ ദുരന്തനിവാരണ സേന രക്ഷപ്പെടുത്തി. ദുരന്തബാധിത പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. ഡെറാഡൂണിൽ 12-ാംക്ലാസ് വരെയുള്ള സ്കൂളുകൾക്ക് അവധി നൽകി. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമിയുമായി ഫോണിൽ സംസാരിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.



# സംസ്ഥാന സർക്കാരിന് തിരിച്ചടി; ബി. അശോകിന്റെ സ്ഥലംമാറ്റം സ്റ്റേ ചെയ്തു

തിരുവനന്തപുരം: കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബി. അശോകിന്റെ സ്ഥലംമാറ്റം സ്റ്റേ ചെയ്തു. കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലാണ് സ്ഥലം മാറ്റം സ്റ്റേ ചെയ്തത്.

പഴ്സനൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായി സ്ഥലംമാറ്റിയ ഉത്തരവാണ് സ്റ്റേ ചെയ്തത്. സ്ഥലം മാറ്റത്തിനെതിരെ ബി അശോക് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയായിരുന്നു. സെപ്റ്റംബർ 17 മുതൽ സ്ഥലം മാറ്റം പ്രാബല്യത്തിലാകുമെന്നായിരുന്നു സർക്കാർ ഉത്തരവ്. തിങ്കളാഴ്ചയാണ് ബി. അശോകിനെ സ്ഥലംമാറ്റി കൊണ്ടുള്ള ഉത്തരവ് ഇറങ്ങിയത്.

അശോകിനെ കേരള ട്രാൻസ്പോർട്ട് ഡവലപ്മെൻറ് ഫിനാൻസ് കോർപറേഷൻ ചെയർമാനായി സ്ഥലം മാറ്റിയ സർക്കാർ നടപടി കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിരുന്നു. ഇതിനു പിന്നാലെ അവധി അവസാനിപ്പിച്ച് അദ്ദേഹം കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായി ചുമതലയേറ്റിരുന്നു.

അതിന് ശേഷം ദിവസങ്ങൾക്കുള്ളിലാണ് അശോകിനെ വീണ്ടും സ്ഥലംമാറ്റുന്നതായുള്ള ഉത്തരവ് ഇറങ്ങിയത്. അശോകിനു പകരം കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായി നിയോഗിച്ച ടിങ്കു ബിശ്വാളിനെ തദ്ദേശവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായും നിയമിച്ചുകൊണ്ടായിരുന്നു ഉത്തരവ്.

കേര പദ്ധതിക്കായി കൃഷി വകുപ്പിനു ലോക ബാങ്ക് അനുവദിച്ച ഫണ്ട് വകമാറ്റിയതുമായി ബന്ധപ്പെട്ട രേഖ മാധ്യമങ്ങൾക്ക് ലഭിച്ചതിൽ വിവാദം നിലനിൽക്കെ അശോകിനെ പദവിയിൽനിന്നു മാറ്റിയത് വിവാദമായിരുന്നു. വിവരം ചോർന്നത് എങ്ങനെയാണെന്ന് അന്വേഷിക്കാൻ അശോകിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്.

എന്നാൽ കൃഷി വകുപ്പിലെ രേഖ മുഖ്യമന്ത്രിയുടെ ഓഫീസ് നേരിട്ട് ശേഖരിച്ചതെങ്ങനെയെന്ന് അശോക് റിപ്പോർട്ടിൽ ചോദിച്ചിരുന്നു. ഇതിനു പിന്നാലെയാണ് അശോകിനെ സ്ഥലംമാറ്റിയത്.



കേരളത്തിന്റെ തനത് ഉത്പന്നങ്ങൾക്ക് അന്താരാഷ്ട്ര ഗുണമേന്മ ഉറപ്പാക്കുന്നതിനായി സംസ്ഥാന വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന 'കേരള ബ്രാൻഡ്' പദ്ധതിയുടെ സുവനീർ മുഖ്യമന്ത്രി പിണറായി വിജയന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് സമ്മാനിക്കുന്നു

# മെഡി. കോളജുകളിലും സർക്കാർ ആശുപത്രികളിലും ചികിത്സാ പ്രതിസന്ധിയില്ല: ആരോഗ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തെ മെഡിക്കൽ കോളജുകളിലും സർക്കാർ ആശുപത്രികളിലും ചികിത്സാ പ്രതിസന്ധിയില്ലെന്ന് ആരോഗ്യമന്ത്രി വീണ ജോർജ്. രോഗികൾ ഉപകരണങ്ങൾ വാങ്ങി നൽകേണ്ട സാഹചര്യമില്ലെന്നും സർക്കാർ പരമാവധി സൗജന്യ ചികിത്സ നൽകുകയാണ്. ഉപകരണങ്ങൾ വാങ്ങിപ്പിക്കുന്നത് സർക്കാർ നയമല്ല. ആരോഗ്യമേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടായെന്നും ഇത് സംബന്ധിച്ചുള്ള വിദഗ്ധസമിതിയുടെ റിപ്പോർട്ട് സഭയിൽ വയ്ക്കുന്നുവെന്നും മന്ത്രി വ്യക്തമാക്കി. യുഡിഎഫ് സർക്കാരിന്റെ കാലസത്തെ അപേക്ഷിച്ച് മികച്ച പ്രവർത്തനമാണ് നിലവിലുള്ളതെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ ആരോഗ്യമേഖലയെക്കുറിച്ച് പ്രതിപക്ഷത്തിന്റെ ചോദ്യങ്ങൾക്ക് മറുപടിയായാണ് മന്ത്രി ഇക്കാര്യങ്ങൾ നിയമസഭയിൽ പറഞ്ഞത്.

അതേസമയം ആരോഗ്യമേഖലയിലെ സിസ്റ്റത്തിന്റെ പ്രശ്നം ഇതുവരെ പരിഹരിച്ചില്ലേയെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ ചോദിച്ചു. ആരോഗ്യവകുപ്പിന് കപ്പിത്താനില്ലാത്ത അവസ്ഥയാണ്. സർക്കാർ ആശുപത്രികളിൽ സർജറിക്കുള്ള പഞ്ഞി വരെ രോഗികൾ വാങ്ങി നൽകേണ്ട അവസ്ഥയാണ്. രോഗികളെ സർക്കാർ ചൂഷണത്തിന് വിട്ടുകൊടുക്കുകയാണ്. പത്ത് വർഷം മുൻപത്തെ യുഡിഎഫ് ഭരണ കാലവുമായി താരതമ്യം ചെയ്യുന്നതിനെ പ്രതിപക്ഷ നേതാവ് പരിഹസിച്ചു.

മന്ത്രി പറയുന്ന കാര്യങ്ങൾ ആനമണ്ടത്തരമാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചികിത്സ പ്രതിസന്ധി നിലനിൽക്കുന്നുവെന്ന് പ്രതിപക്ഷം ആരോപിച്ചു.

# കുന്നംകുളം കസ്റ്റഡി മർദനക്കേസ്: നിയമസഭാ കവാടത്തിൽ അനിശ്ചിതകാല നിരാഹാര സമരം പ്രഖ്യാപിച്ച് വി. ഡി. സതീശൻ

തിരുവനന്തപുരം: കുന്നംകുളം കസ്റ്റഡി മർദന കേസിലെ ഉത്തരവാദികളായ പോലീസുകാരെ സർവീസിൽ നിന്ന് പുറത്താക്കും വരെ നിയമസഭ കവാടത്തിൽ അനശ്ചിതകാല നിരാഹാര സമരം പ്രഖ്യാപിച്ച് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. ആരോപണ വിധേയരായ ഉദ്യോഗസ്ഥരെ സർവീസിൽ നിന്ന് പുറത്താക്കുമോ എന്ന് മുഖ്യമന്ത്രിയോട് ചോദിച്ച ശേഷമാണ് പ്രതിപക്ഷ നേതാവ് അനശ്ചിതകാല നിരാഹാര സമരം പ്രഖ്യാപിച്ചത്. പിന്നാലെ പ്രതിപക്ഷം സഭാനപടികൾ ബഹിഷ്കരിച്ച് ഇറങ്ങി പോയി. മുഖ്യമന്ത്രിയുടെ നീണ്ട പ്രസംഗത്തിനായല്ല കാത്തിരിക്കുന്നത്. നടപടിക്കായാണ് തങ്ങൾ കാത്തിരിക്കുന്നതെന്നും വി. ഡി. സതീശൻ പറഞ്ഞു. പ്രതിപക്ഷ എംഎൽഎമാരായ സനീഷ് കുമാറും എ. കെ. എം. അഷ്റഫുമാണ് നിരാഹാരം ഇരിക്കുക. റോജി എം. ജോൺ ആണ് അടിയന്തര പ്രമേയം അവതരിപ്പിച്ചത്. 20 മിനിട്ടാണ് മറുപടിക്ക് അനുവദിച്ചിരിക്കുന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ വർഷങ്ങൾക്ക് മുമ്പ് തനിക്ക് നേരിടേണ്ടിവന്ന പോലീസ് മർദനത്തെക്കുറിച്ച് സഭയിൽ നടത്തിയ പ്രസംഗം ഉദ്ധരിച്ചാണ് റോജി പ്രസംഗം ആരംഭിച്ചത്.

# സൂക്ഷ്മ ജലസേചന സംവിധാനങ്ങൾക്ക് സബ്സിഡി: അപേക്ഷ ക്ഷണിച്ചു

രാഷ്ട്രീയ കൃഷി വികാസ് യോജന പെർ ഡ്രോപ്പ് മോർ ക്രോപ്പ് പദ്ധതിയിലൂടെ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ സ്ഥാപിക്കാൻ അപേക്ഷ ക്ഷണിച്ചു. ഡ്രിപ്പ്, സ്പ്രിങ്ളർ എന്നിവയ്ക്ക് 40-55 ശതമാനം വരെ സബ്സിഡി ലഭിക്കും. സൂക്ഷ്മ ജലസേചന സംവിധാനങ്ങളുമായി ചേർന്നുള്ള മഴവെള്ള സംഭരണികൾ, കുളങ്ങൾ, കിണറുകൾ, ജലസഭരണികളുടെ നവീകരണം, പമ്പുകൾ എന്നിവയ്ക്കും സഹായം ലഭിക്കും.

അപേക്ഷാ ഫോം ആനയറ വേൾഡ് മാർക്കറ്റിലുള്ള തിരുവനന്തപുരം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭിക്കും. ഈ പദ്ധതിയിലുൾപ്പെടുത്തി സൂക്ഷ്മ ജലസേചനത്തിനായി വിളകൾ തമ്മിലുള്ള അകലവും സ്ഥല വിസ്തൃതിയും കണക്കിലെടുത്താണ് ആനുകൂല്യം നൽകുന്നത്. അപേക്ഷകന്റെ ഫോട്ടോ, ആധാർ കാർഡിന്റെ കോപ്പി, കരമടച്ച രസീത്, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി, കൃഷി ഓഫീസറുടെ സാക്ഷ്യപത്രം മുതലായ രേഖകളോടൊപ്പം അപേക്ഷ ഫോം പൂരിപ്പിച്ച് ആനയറ വേൾഡ് മാർക്കറ്റിലുള്ള തിരുവനന്തപുരം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഓഫീസിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 9400517990, 9400988557, 8075892092.

# വ്യാജരേഖ ചമച്ച് വോട്ടു ചേർത്തെന്ന പരാതി: സുരേഷ്ഗോപിക്കെതിരേ തത്കാലം കേസെടുക്കാനാകില്ല

തൃശൂർ: വ്യാജരേഖ ചമച്ച് തൃശൂരിൽ വോട്ടു ചേർത്തെന്ന പരാതിയിൽ തൽക്കാലം കേന്ദ്രമന്ത്രി സുരേഷ്ഗോപിക്കെതിരെ കേസെടുക്കാനാകില്ല. മുൻ എംപി ടി. എൻ. പ്രതാപനാണ് വോട്ടർപട്ടിക ക്രമക്കേട് സംബന്ധിച്ച് പോലീസിൽ പരാതി നൽകിയത്. സുരേഷ് ഗോപിയും സഹോദരനും വ്യാജരേഖ ചമച്ച് തൃശൂരിൽ വോട്ടു ചേർത്തു എന്നായിരുന്നു പ്രതാപന്റെ പരാതി. എന്നാൽ ഈ ആരോപണം തെളിയിക്കുന്നതിനായി വേണ്ട രേഖകൾ ഹാജരാക്കാൻ പ്രതാപന് കഴിഞ്ഞില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് സുരേഷ്ഗോപിക്കെതിരെ കേസെടുക്കാൻ സാധിക്കില്ലെന്ന് പോലീസ് പരാതിക്കാരനെ അറിയിച്ചിരിക്കുന്നത്. ഇതോടെ സുരേഷ്ഗോപിയുമായി ബന്ധപ്പെട്ട വ്യാജവോട്ട് വിവാദത്തിൽ പോലീസ് അന്വേഷണം മുന്നോട്ടുപോകാനാതെ വഴിമുട്ടിയിരിക്കുകയാണ്. അന്വേഷണവുമായി ബന്ധപ്പെട്ട രേഖകൾ ജില്ല ഭരണകൂടത്തിൽ നിന്നോ തെരഞ്ഞെടുപ്പു കമ്മീഷനിൽ നിന്നോ ലഭിക്കേണ്ടതുണ്ട്. എന്നാൽ അപേക്ഷ നൽകിയിട്ടും ഈ രേഖകൾ കിട്ടിയില്ലെന്ന് ചൂണ്ടിക്കാട്ടി എസിപി തൃശൂർ സിറ്റി പോലീസ് കമ്മീഷണർക്ക് റിപ്പോർട്ടു നൽകി. കമ്മീഷണർ ഇക്കാര്യം പരാതിക്കാരനായ മുൻ എംപി ടി. എൻ. പ്രതാപനെ അറിയിച്ചു. രേഖകൾ ലഭിക്കുന്നതിനും തുടർനടപടികൾക്കുമായി പരാതിക്കാരന് കോടതിയെ സമീപിക്കാം. അല്ലെങ്കിൽ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് കേസന്വേഷണം പുനരാരംഭിക്കാൻ സാധിക്കും.

# കേരള മാതൃക പഠിക്കുന്നതിന് തെലുങ്കാന സർവെ സംഘം

## റവന്യൂ മന്ത്രിയുമായി ചർച്ച നടത്തി

കേരളത്തിൽ നടപ്പാക്കി വരുന്ന രാജ്യത്തെ ആദ്യ സമഗ്ര ഡിജിറ്റൽ ഭൂവിവര സംവിധാനമായ (കഘകണ്ട) 'എന്റെ ഭൂമി" സംയോജിത പോർട്ടലിനെ കുറിച്ച് പഠിക്കുന്നതിനായി തെലുങ്കാനയിലെ നാഷണൽ സർവെ റവന്യു ഉദ്യോഗസ്ഥരും ഇൻഫോർമാറ്റിക് സസ് സെന്റർ (ചകഇ) ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന സംഘം രണ്ടു ദിവസത്തെ സന്ദർശനത്തിനായി തിരുവനന്തപുരത്ത് എത്തി. സംഘാംഗങ്ങൾ റവന്യു മന്ത്രി കെ രാജൻമായി ആശയ വിനിമയം നടത്തി.റവന്യു, സർവെ, രജിസ്ട്രേഷൻ വകുപ്പുകൾ സംയോജിപ്പിച്ച് കേരളത്തിൽ നടപ്പാക്കിവരുന്ന എന്റെ ഭൂമി ഡിജിറ്റൽ സർവെ മാതൃകയിൽ തെലുങ്കാന സംസ്ഥാനത്തും നടപ്പിലാക്കുന്നതിന് പ്രയോജനകരമായ സമഗ്രമായ ധാരണ നേടുകയും സമാനമായ മികച്ച രീതികൾ സ്വീകരിക്കുന്നതിനുള്ള സാധ്യത പഠിക്കുകയാണ് സംഘത്തിന്റെ സന്ദർശന ലക്ഷ്യം. റവന്യു, സർവേ, രജിസ്ട്രേഷൻ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുമായും സംഘം ചർച്ച നടത്തും. സർവെ ട്രയിനിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്ന ട്രയിനിംഗിലും സംഘം പങ്കെടുക്കും.പഠന സംഘത്തിൽ തെലങ്കാന സർവെ ജോയിന്റ് ഡയറക്ടർ പ്രസന്ന ലക്ഷ്മി, സർവെ ഇൻസ്പെക്ടർ എം നാഗേന്ദർ, സർവെയർ മാരായ ടി സസ്യാറാണി, കെ വിനയകുമാർ, നാഷണൽ ഇൻഫർമാറ്റിക്സ് സീനിയർ ഡയക്ടർമാരായ വിജയമോഹൻ, ഭാഗ്യരേഖ, ഡയറക്ടർ എസ് കൃഷ്ണ, റവന്യു തഹസിൽദാർ സായി കൃഷ്ണ തുടങ്ങിയവരാണ് സർവെ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനത്തിൽ പങ്കെടുക്കുന്നത്.

# ക്വട്ടേഷൻ ക്ഷണിച്ചു

മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവുമായി ബന്ധപ്പെട്ട പരിപാടിക്കായി ക്രമീകരണം ഏർപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് മുദ്ര വച്ച ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ സെപ്റ്റംബർ 25 വൈകിട്ട് 5 നു മുമ്പായി അഡീഷണൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് അനക്സ് 1, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം വിലാസത്തിൽ ലഭ്യമാക്കണം.

# മകന്റെ ആരോഗ്യപ്രശ്നങ്ങളിൽ അസ്വസ്ഥൻ; പിതാവ് രണ്ടര വയസുകാരനെ കൊന്ന് നദിയിൽ തള്ളി

ഹൈദരാബാദ്: തെലുങ്കാനയിൽ ആരോഗ്യപ്രശ്നങ്ങളാൽ ചികിത്സയിലിരുന്ന രണ്ടര വയസുകാരനെ പിതാവ് കൊന്ന് നദിയിൽ തള്ളി. ബന്ദ്ലഗുഡ പോലീസ് സ്റ്റേഷൻ പരിധിയിൽ വെള്ളിയാഴ്ച രാത്രിയാണ് സംഭവം. പച്ചക്കറിക്കടക്കാരനായ മുഹമ്മദ് അക്ബർ(35) ആൺകുഞ്ഞിനെ ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തുകയായിരുന്നു. തുടർന്ന് മൃതദേഹം ബാഗിലാക്കുകയും മോട്ടോർസൈക്കിളിൽ മൂസി നദി തള്ളുകയുമായിരുന്നു. കുട്ടിയുടെ ആരോഗ്യ പ്രശ്നങ്ങളെ തുടർന്ന് ദമ്പതികൾ തമ്മിൽ വാക്കുതർക്കങ്ങൾ ഉണ്ടായിരുന്നുവെന്നും പോലീസ് പറയുന്നു. ജോലി കഴിഞ്ഞ് മാതാവ് തിരികെ എത്തിയപ്പോൾ കുഞ്ഞിനെ കാണാനില്ലെന്ന് മനസിലാക്കുകയും പോലീസിൽ പരാതി നൽകുകയുമായിരുന്നു. തുടർന്നുള്ള അന്വേഷണത്തിലാണ് കൊലപാതകമാണെന്ന് കണ്ടെത്തിയത്.

# വിദ്യാഭ്യാസ ആനുകൂല്യത്തിന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു

കേരള തൊഴിലാളി ക്ഷേമനിധി ബോർഡിലെ വരിക്കാരായ തൊഴിലാളികളുടെ മക്കൾക്ക് 2025-26 വർഷത്തേക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു.2025 – 2026 അധ്യയന വർഷത്തിൽ 8, 9, 10, ഹൈസ്കൂൾ ഗ്രാൻറ്) എസ് എസ് എൽ സി ക്യാഷ് അവാർഡ് / പ്ലസ് വൺ / ബി.എ. / ബി.കോം / ബി.എസ്.സി / എം.എ / എം.കോം (പാരലൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർ അപേക്ഷിക്കേണ്ടതില്ല) എം.എസ്.ഡബ്ലിയു / എം.എസ്.സി. / ബി.എഡ് / പ്രൊഫഷണൽ കോഴ്സുകളായ എഞ്ചിനീയറിംഗ് / എം.ബി.ബി.എസ് / ബി.ഡി.എസ് / ഫാം ഡി / ബി.എസ്.സി. നഴ്സിംഗ് / പ്രൊഫഷണൽ പി..ജി. കോഴ്സുകൾ / പോളിടെക്നിക് ഡിപ്ലോമ / റ്റി.റ്റി.സി. / ബി.ബി.എ / ഡിപ്ലോമ ഇൻ നഴ്സിംഗ് / പാരാ മെഡിക്കൽ കോഴ്സ് / എം സി എ / എം ബി എ / പി ജി ഡി സി എ / എഞ്ചിനീയറിംഗ് (ലാറ്ററൽ എൻട്രി) അഗ്രിക്കൾച്ചറൽ / വെറ്റിനറി / ഹോമിയോ / ബി.ഫാം / ആയുർവേദം / എൽ എൽ ബി (3 വർഷം, 5 വർഷം) / ബി ബി എം / ഫിഷറീസ് / ബി സി എ / ബി.എൽ.ഐ.എസ്.സി. / എച്ച്.ഡി.സി. & ബി എം / ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ്മെന്റ് സി.എ. ഇന്റർമീഡിയറ്റ് / മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിങ്, സിവിൽ സർവീസ് കോച്ചിങ് എന്നീ കോഴ്സുകൾ പഠിക്കുന്നവർക്ക് സെപ്റ്റംബർ 20 മുതൽ ഓൺലൈൻ ആയി അപേക്ഷിക്കാം. മുൻ അധ്യയന വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചിട്ടുള്ളവർ ആനുകൂല്യം പുതുക്കുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കണം. അപേക്ഷകൻ ജോലി ചെയ്യുന്ന സ്ഥാപന ഉടമയുടെ സാക്ഷ്യപത്രം, വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിന്റെ മേലധികാരി നൽകുന്ന സാക്ഷ്യപത്രം എന്നിവയുടെ മാതൃക വെബ്സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം ചേർത്ത് സമർപ്പിക്കണം. അപേക്ഷകൾ ഡിസംബർ 31 ന് മുമ്പ് www.labourwelfarefund.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. ഓഫ് ലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

# യങ് ഇന്നൊവേറ്റർസ് പ്രോഗ്രാം 8.0 സ്കൂൾ വിഭാഗം: ആശയസമർപ്പണം പൂർത്തിയായി

വൈ.ഐ.പി-ശാസ്ത്രപഥം എട്ടാം പതിപ്പിൽ വിദ്യാർഥികളുടെ രജിസ്ട്രേഷനും ആശയസമർപ്പണവും സെപ്റ്റംബർ 14 നു പൂർത്തിയായി.

സംസ്ഥാനത്തെ ഹൈസ്കൂൾ മുതൽ ഗവേഷണ തലം വരെയുള്ള വിദ്യാർഥികളാണ് യങ് ഇന്നൊവേറ്റർസ് പ്രോഗ്രാമിൽ (വൈ.ഐ.ഡി) പങ്കെടുക്കുന്നത്. ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ, വി എച്ച് എസ് ഇ സ്കൂളുകളിൽ പൊതു വിദ്യാഭ്യാസ വകുപ്പ്, കെ-ഡിസ്ക്, എസ്.എസ്.കെ എന്നിവർ ചേർന്നാണ് പ്രസ്തുത പരിപാടി നടപ്പിലാക്കി വരുന്നത്.

സംസ്ഥാനത്തൊട്ടാകെ വിവിധ സ്കൂളുകളിൽ നിന്ന് 16,976 വിദ്യാർഥി ടീമുകൾ ആശയങ്ങൾ സമർപ്പിച്ചു. 2,82,113 വിദ്യാർഥികൾ ഈ പരിപാടിയുടെ ഭാഗമായി രജിസ്റ്റർ ചെയ്യുകയുണ്ടായി. 3,017 ആശയങ്ങൾ സമർപ്പിച്ചുകൊണ്ട് തുടർച്ചയായി രണ്ടാം തവണയും കൊല്ലം ജില്ല ചാമ്പ്യന്മാരായി. ബി.ആർ.സി വിഭാഗത്തിൽ 797 ആശയങ്ങൾ സമർപ്പിച്ചുകൊണ്ട് നിലമ്പൂർ ബി.ആർ.സി (മലപ്പുറം ജില്ല) ഒന്നാംസ്ഥാനം കരസ്ഥമാക്കി. പൊതു വിദ്യാഭ്യസ വകുപ്പിനു കീഴിലുള്ള സ്കൂൾ വിഭാഗത്തിൽ 708 ആശയങ്ങൾ സമർപ്പിച്ചുകൊണ്ട് എൻ.എ.എം.എച്ച്.എസ്.എസ് പെരിങ്ങത്തൂർ (കണ്ണൂർ ജില്ല) ഒന്നാംസ്ഥാനം കരസ്ഥമാക്കി. സി.ബി.എസ്.ഇ - ഐ.സി.എസ്.ഇ സ്കൂൾ വിഭാഗത്തിൽ 73 ആശയങ്ങൾ സമർപ്പിച്ചുകൊണ്ട് ജവഹർ നവോദയ നേരിമംഗലം (എറണാകുളംജില്ല) ഒന്നാംസ്ഥാനം കരസ്ഥമാക്കി. സമർപ്പിച്ച ആശയങ്ങളുടെ വിവിധ ഘട്ടത്തിലുള്ള മൂല്യനിർണയങ്ങൾ തുടർന്ന് നടത്തും.

യങ് ഇന്നൊവേറ്റർസ് പ്രോഗ്രാം സ്കൂൾ വിഭാഗം സംസ്ഥാന തല വിജയികൾക്ക് ഗ്രേസ് മാർക്കായി പത്ത് മാർക്ക് അനുവദിച്ചു കൊണ്ട് സർക്കാർ ഉത്തരവാക്കുകയുണ്ടായി.

നിലവിലെ സ്കൂൾ ശാസ്ത്രമേളയ്ക്ക് സമാനമായാണിത്. ഈ പരിപാടിയിലൂടെ രണ്ട് അല്ലെങ്കിൽ മൂന്നംഗ വിദ്യാർഥി ടീമുകൾ യഥാർത്ഥ ലോക പ്രശ്ന പരിഹാരത്തിനുള്ള ആശയങ്ങൾ സമർപ്പിക്കുന്നു.

മൂന്നു തലത്തിലെ മൂല്യനിർണ്ണയത്തിലൂടെ കണ്ടെത്തുന്ന സംസ്ഥാന വിജയികളായ ടീമുകൾക്ക് പ്രോജക്റ്റ് പൂർത്തിയാക്കാൻ മാർഗ്ഗനിർദ്ദേശവും സാമ്പത്തികസഹായവും നൽകുന്നു.

# പരീക്ഷാഫലം

കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി. 2025 ജൂണിൽ നടത്തിയ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (പി.ജി.ഡി.സി.എ), ഒന്നും രണ്ടും സെമസ്റ്റർ/പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക്സ് & സെക്യൂരിറ്റി (പി.ജി.ഡി.സി.എഫ്), ഒന്നും രണ്ടും സെമസ്റ്റർ/ ഡിപ്ലോമ ഇൻ ഡാറ്റാ എൻട്രി ടെക്നിക്സ് ആന്റ് ഓഫീസ് ഓട്ടോമേഷൻ (ഡി.ഡി.റ്റി.ഒ.എ), ഒന്നും രണ്ടും സെമസ്റ്റർ/ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ഡി.സി.എ), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (സി.സി.എൽ.ഐ.എസ്) കോഴ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലവും മാർക്കിന്റെ വിശദാംശങ്ങളും അതാത് പരീക്ഷാകേന്ദ്രങ്ങളിലും ഐ.എച്ച്.ആർ.ഡി.യുടെ വെബ്സൈറ്റിലും (www.ihrd.ac.in) ലഭിക്കും. പുനർമൂല്യനിർണയത്തിനുള്ള അപേക്ഷകൾ സെപ്റ്റംബർ 22 വരെ അതത് പരീക്ഷാകേന്ദ്രങ്ങളിൽ പിഴ കൂടാതെയും 29 വരെ 200 രൂപ ലേറ്റ് ഫീ സഹിതവും സമർപ്പിക്കാം.

2025 ഡിസംബറിൽ നടക്കുന്ന സപ്ലിമെന്ററി പരീക്ഷയ്ക്കായി പ്രത്യേകാനുമതി (ടുലരശമഹ ടമിരശേീ) ആവശ്യപ്പെടുന്നവർ, അപേക്ഷകൾ സെപ്റ്റംബർ 22 നു മുൻപും 200 രൂപ ലേറ്റ് ഫീ സഹിതം 29 വരെയും അതത് സ്ഥാപനമേധാവികൾ മുഖേന സമർപ്പിക്കണം.

# താൽപര്യപത്രം ക്ഷണിച്ചു

പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ ലാപ്ടോപ് വിതരണ പദ്ധതി നടപ്പിലാക്കുന്നതിനായി നടപ്പ് വർഷം മുതൽ ഇ-ഗ്രാൻറ്സ് മുഖേന ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള സ്കോളർഷിപ്പ് തുകയായി പരമാവധി 30000 രൂപ അനുവദിക്കും. ടി തുക വിനിയോഗിച്ച് ഇ-റുപ്പി സംവിധാനത്തിലൂടെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനായി സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചു.താൽപര്യപത്രം സമർപ്പിക്കുന്ന സ്ഥാപനത്തിന് എല്ലാ ജില്ലകളിലും ബ്രാഞ്ചുകൾ ഉണ്ടായിരിക്കണം. താൽപര്യപത്രം സമർപ്പിക്കുന്ന സ്ഥാപനങ്ങൾ ഓരോ ജില്ലയിലും ഉള്ള സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കണം. കുറഞ്ഞത് 30000 രൂപയുടെ ലാപ്ടോപ്പുകൾ ആണ് വിദ്യാർത്ഥികൾക്ക് നൽകേണ്ടത്. ലാപ്ടോപ്പ് വങ്ങുന്നതിനായി വിദ്യാർത്ഥികൾക്ക് ഇ-റുപ്പി സംവിധാനത്തിലൂടെ ലഭിക്കുന്ന വൗച്ചർ ഉപയോഗിച്ചാണ് തുക (30000 രൂപ) അനുവദിക്കുന്നത്. 30000 രൂപയിൽ കൂടുതൽ വിലയുള്ള ലാപ്ടോപ്പ് വിദ്യാർത്ഥി ആവശ്യപ്പെടുകയാണെങ്കിൽ ആയത് നൽകേണ്ടതും 30000 രൂപയിൽ അധികരിക്കുന്ന തുക വിദ്യാർത്ഥിയിൽ നിന്നും ഈടാക്കാവുന്നതുമാണ്. ഇ-റുപ്പി സംവിധാനത്തിലൂടെ തുക നൽകുന്നതിനായി സ്ഥാപനങ്ങൾക്ക് ഇന്ത്യൻ ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതും ഇല്ലെങ്കിൽ അക്കൗണ്ട് തുടങ്ങേണ്ടതുമാണ്.

സീൽ ചെയ്ത താൽപര്യപത്രം സമർപ്പിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 20 വൈകുന്നേരം 3 മണിയാണ്. അന്നേ ദിവസം 3.30 ന് തന്നെ സീൽ ചെയ്ത താൽപര്യപത്രങ്ങൾ തുറക്കും. താൽപര്യപത്രം അംഗീകരിക്കുന്നതിനും കാരണം കൂടാതെ നിരസിക്കുന്നതിനും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക്: www.scdd.kerala.gov.in.

# ഏഷ്യാ കപ്പിലെ ഹസ്തദാന വിവാദം: മാച്ച് റഫറിയെ മാറ്റണമെന്ന പാക്കിസ്ഥാന്റെ ആവശ്യം തള്ളി ഐസിസി

ദുബായി: ഏഷ്യാ കപ്പിലെ ഹസ്തദാന വിവാദത്തെ തുടർന്ന് മാച്ച് റഫറി ഐൻഡി പൈക്രോഫ്റ്റിനെ മാറ്റണമെന്ന പാക്കിസ്ഥാന്റെ ആവശ്യം ഐസിസി തള്ളി. മാച്ച് റഫറിയെ മാറ്റുന്നത് തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുമെന്നാണ് ഐസിസി അറിയിച്ചത്.

പാക് താരങ്ങളുമായി ഇന്ത്യൻ താരങ്ങൾ ഹസ്തദാനത്തിന് വിസമ്മതിച്ചതിൽ പൈക്രോഫ്റ്റിന് പങ്കില്ലെന്ന് ഐസിസി വൃത്തങ്ങൾ വ്യക്തമാക്കി. ടോസ് സമയത്ത് ഇന്ത്യൻ ക്യാപ്റ്റനുമായി ഹസ്തദാനത്തിന് ശ്രമിച്ചാൽ പാക് നായകൻ അവഹേളിക്കപ്പെടുന്നത് ഒഴിവാക്കാനായാണ് മാച്ച് റഫറി ഇടപെട്ടത്. സൂര്യകുമാർ ഹസ്തദാനത്തിന് തയാറായില്ലെങ്കിൽ പാക് നായകന് അത് വലിയ നാണക്കേട് ആകുമെന്ന മുന്നറിയിപ്പാണ് പൈക്രോഫ്റ്റ് നൽകിയതെന്നും ഐസിസി വ്യക്തമാക്കി. മാച്ച് റഫറിയെ മാറ്റിയില്ലെങ്കിൽ ഏഷ്യാ കപ്പ് ബഹിഷ്കരിക്കുമെന്ന് ഭീഷണി ഉയർത്തിയ പാക്കിസ്ഥാന് തിരിച്ചടിയാണ് ഐസിസിയുടെ തീരുമാനം. ബുധനാഴ്ചത്തെ പാക് -യുഎഇ മത്സരത്തിലും ആൻഡി പൈക്രോഫ്റ്റ് തന്നെയാണ് മാച്ച് റഫറി. ഈ മത്സരം ജയിച്ചില്ലെങ്കിൽ പാക്കിസ്ഥാൻ സൂപ്പർ ഫോറിലെത്താതെ പുറത്താവാൻ സാധ്യതയുണ്ട്.

ഞായറാഴ്ച നടന്ന ഏഷ്യാ കപ്പിലെ ഇന്ത്യ-പാകിസ്ഥാൻ മത്സരത്തിൽ മാച്ച് റഫറി ആൻഡി പൈ ക്രോഫ്റ്റ് പക്ഷപാതപരമായാണ് പെരുമാറിയതെന്നും മത്സരത്തിലെ ടോസിന് മുമ്പ് തന്നെ മാച്ച് റഫറി പാക് നായകനോട് ഇന്ത്യൻ നായകനുമായി ഹസ്തദാനത്തിന് മുതിരരുതെന്ന് നിർദേശം നൽകിയിരുന്നതായും റിപ്പോർട്ടുണ്ടായിരുന്നു. ടോസിനിടെ പതിവുള്ള ഹസ്തദാനം സൂര്യകുമാർ യാദവും പാക് ക്യാപ്റ്റൻ സൽമാൻ ആഘയും ഒഴിവാക്കുകയും ചെയ്തിരുന്നു. മത്സരം പൂർത്തിയായശേഷവും ഇന്ത്യൻ താരങ്ങളാരും ഗ്രൗണ്ടിലേക്കിറങ്ങി പാക് താരങ്ങളുമായി പതിവ് ഹസ്തദാനത്തിന് മുതിർന്നിരുന്നില്ല. ഹസ്തദാനത്തിനായി കുറച്ചു നേരം ഗ്രൗണ്ടിൽ കാത്തു നിന്ന പാക് താരങ്ങൾ പിന്നീട് ഇന്ത്യൻ ഡ്രസിങ് റൂമിന് അടുത്തെത്തിയെങ്കിലും വാതിലുകൾ അടച്ചിരുന്നു.

# അപകടത്തിന് പിന്നാലെ കാണാതായ ട്രക്ക് ഡ്രൈവർ പുറത്താക്കപ്പെട്ട ഐഎഎസ് ഉദ്യോഗസ്ഥയുടെ വീട്ടിൽ; പോലീസ് രക്ഷിച്ചു

മുംബൈ: കാറുമായി കൂട്ടിയിടിച്ച് അപകടമുണ്ടായതിന് പിന്നാലെ കാണാതായ ട്രക്ക് ഡ്രൈവറെ പുറത്താക്കപ്പെട്ട ഐഎഎസ് ഓഫീസർ പൂജ ഖേദ്കറിന്റെ പൂനെയിലെ വീട്ടിൽ നിന്ന് കണ്ടെത്തി. ട്രക്ക് ഡ്രൈവർ പ്രഹ്ലാദ് കുമാറിനെയാണ് കണ്ടെത്തിയത്. നവി മുംബൈയിലെ ഐറോളി സിഗ്നലിൽ വച്ചാണ് ട്രക്കും കാറും തമ്മിൽ കൂട്ടിയിടിച്ചത്. പിന്നാലെ ഡ്രൈവറെ കാണാതാവുകയായിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഇയാളെ പൂജയുടെ വീട്ടിൽ നിന്ന് കണ്ടെത്തി പോലീസ് രക്ഷിക്കുകയായിരുന്നു.പ്രഹ്ലാദ് കുമാർ ഓടിച്ചിരുന്ന ട്രക്ക് എംഎച്ച് 12 ആർ ടി 5000 എന്ന കാറുമായി കൂട്ടിയിടിക്കുകയായിരുന്നു. പിന്നാലെ കാറിലുണ്ടായിരുന്ന രണ്ട് പേർ പ്രഹ്ലാദ് കുമാറിനെ ബലം പ്രയോഗിച്ച് കയറ്റി കൊണ്ടുപോകുകയായിരുന്നുവെന്നാണ് പോലീസ് പറയുന്നത്. അതേസമയം, പൂജയുടെ വീട്ടിലെത്തിയപ്പോൾ നാടകീയ സംഭവങ്ങളാണുണ്ടായതെന്നും പോലീസ് പറഞ്ഞു. പൂജയുടെ അമ്മ മനോരമ ഖേദ്കർ തടഞ്ഞെന്നും മോശമായി പെരുമാറിയെന്നും പോലീസ് പറയുന്നു. സംഭവത്തിൽ മനോരമയ്ക്ക് പോലീസ് സമൻസ് അയച്ചിട്ടുണ്ട്. ചോദ്യം ചെയ്യലിനായി സ്റ്റേഷനിൽ ഹാജരാകാനും ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ സെപ്റ്റംബറിൽ പൂജയെ കേന്ദ്ര സർക്കാർ ഐഎസ് സർവീസിൽ നിന്നും പുറത്താക്കിയിരുന്നു. വ്യാജരേഖ ചമച്ചതിനും ഭിന്നശേഷിക്കാർക്കും പിന്നോക്ക വിഭാഗങ്ങൾക്കുമുള്ള സംവരണാനുകൂല്യങ്ങൾ അർഹതയില്ലാതെ നേടിയെന്ന കേസുകളിലും പൂജ കുറ്റക്കാരിയാണെന്ന് കണ്ടെത്തിയതിന് പിന്നാലെയായിരുന്നു നടപടി. ഈ കേസ് വലിയ വിവാദമായിരുന്നു. ഇതിന് പിന്നാലെയാണ് പൂജ വീണ്ടും വിവാദത്തിൽപ്പെട്ടിരിക്കുന്നത്.

# നോർക്ക കെയർ'; പ്രവാസികൾക്കായുള്ള രാജ്യത്തെ ആദ്യ ആരോഗ്യ അപകട ഇൻഷുറൻസ് പദ്ധതി

പ്രവാസികൾക്കു മാത്രമായി രാജ്യത്ത് ആദ്യമായി നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ അപകട ഇൻഷുറൻസ് പദ്ധതിയാണ് 'നോർക്ക കെയർ' എന്ന് നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ അഭിപ്രായപ്പെട്ടു. 'നോർക്ക കെയർ' പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനവും ഗ്ലോബൽ രജിസ്ട്രേഷൻ ഡ്രൈവും വിശദീകരിക്കാൻ വിളിച്ചു ചേർത്ത വാർത്താസമ്മേളനത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

നോർക്ക കെയർ ഗ്ലോബൽ രജിസ്ട്രേഷൻ ഡ്രൈവ് വിജയകരമാക്കാൻ പ്രവാസിസമൂഹം മുന്നോട്ടുവരണമെന്നും പി. ശ്രീരാമകൃഷ്ണൻ അഭ്യർത്ഥിച്ചു. നിലവിൽ കേരളത്തിലെ 500 ലധികം ആശുപത്രികൾ ഉൾപ്പെടെ രാജ്യത്തെ 16000 ത്തോളം ആശുപത്രികൾ വഴി പ്രവാസികേരളീയർക്ക് ക്യാഷ്‌ലെസ്സ് ചികിത്സ ഉറപ്പാക്കുന്നതാണ് പദ്ധതി. ഭാവിയിൽ ജി. സി. സി രാജ്യങ്ങളിലുൾപ്പെടെയുള്ള ആശുപത്രികളിലും പദ്ധതി ലഭ്യമാക്കാനാണ് ശ്രമം.

പോളിസിയുടെ ഭാഗമായശേഷം നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾക്ക് പോളിസി പുതുക്കാനുള്ള സംവിധാനവും ഒരുക്കും. ഏറെകാലമായി പ്രവാസി കേരളീയരുടെ പ്രധാന ആവശ്യങ്ങളിലൊന്നായിരുന്നു സമഗ്രമായ ആരോഗ്യ, അപകട ഇൻഷുറൻസ് പരിരക്ഷ എന്നത്. ലോകകേരള സഭയിൽ ഉൾപ്പെടെ ഉയർന്ന ഈ ആശയത്തിന്റെ സാക്ഷാത്ക്കാരമാണ് നോർക്ക കെയർ എന്നും പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു.

പ്രവാസികേരളീയർക്ക് അഞ്ച് ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസും പത്തു ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് പരിരക്ഷയും ഒരുക്കുന്നതാണ് 'നോർക്ക കെയർ'. നോർക്ക കെയർ പദ്ധതിയെക്കുറിച്ച് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി വാർത്താസമ്മേളനത്തിൽ വിശദീകരിച്ചു.

നോർക്ക കെയർ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 2025 സെപ്റ്റംബർ 22 നു മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും. ചടങ്ങിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. കെ. എൻ ബാലഗോപാൽ അധ്യക്ഷത വഹിക്കും. 2025 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 22 വരെയാണ് ഗ്ലോബൽ രജിസ്ട്രേഷൻ ഡ്രൈവ്.

ചടങ്ങിൽ നോർക്ക കെയർ മൊബൈൽ ആപ്പുകളും പ്രകാശനം ചെയ്യും. കേരളപ്പിറവി ദിനമായ നവംബർ ഒന്നു മുതൽ നോർക്ക കെയർ പരിരക്ഷ പ്രവാസി കേരളീയർക്ക് ലഭ്യമാകും. പദ്ധതി സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെടാവുന്നതാണ്.

# സഭയിലെത്തിയതിന് പിന്നാലെ രാഹുൽ മണ്ഡലത്തിലും സജീവമാകുന്നു; ശനിയാഴ്ച പാലക്കാട്ടെത്തും

തിരുവനന്തപുരം: വിവാദങ്ങൾക്കിടെ നിയമസഭയിലെത്തിയതിന് പിന്നാലെ പാലക്കാട് മണ്ഡലത്തിലും രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ സജീവമാകുന്നതായി റിപ്പോർട്ട്. ശനിയാഴ്ച പാലക്കാട്ടെത്തുന്ന രാഹുൽ പൊതുപരിപാടികളിൽ പങ്കെടുക്കുമെന്നാണ് വിവരം. തുടർന്ന് ഞായറാഴ്ച മടങ്ങും. വരുംദിവസങ്ങളിലും രാഹുൽ നിയമസഭയിലെത്തുമെന്നാണ് സൂചന. സഭയിൽ കയറാത്തയാൾ മണ്ഡലത്തിൽ വന്നു എന്ന ചീത്തപ്പേര് ഒഴിവാക്കാനാണ് രാഹുൽ സമ്മേളനത്തിൽ പങ്കെടുക്കുന്നത്. കഴിഞ്ഞ 20 ദിവസത്തിലധികമായി രാഹുൽ പൊതുപരിപാടികൾ ഒഴിവാക്കി വീട്ടിലാണ് ചെലവഴിച്ചത്.

രാവിലെ 9.20 ഓടെ ഒരു സുഹൃത്തിന്റെ ഇന്നോവ കാറിൽ നാല് പേർക്കൊപ്പമാണ് രാഹുൽ സഭയിലെത്തിയത്. രാഹുൽ എത്തുമോ എന്ന സസ്പെൻസ് നിലനിൽക്കെയാണ് ഔദ്യോഗിക വാഹനം ഒഴിവാക്കി രാഹുൽ നിയമസഭയിലെത്തിയത്. സഭയിലെത്തിയ രാഹുൽ പ്രത്യേക ബ്ലോക്കിലാണ് ഇരുന്നത്. അതേസമയം, നിയമസഭയിലെത്തിയെങ്കിലും രാഹുലിന് സംസാരിക്കാൻ അവസരം ലഭിച്ചില്ല. സഭയിലെത്തിയ രാഹുലുമായി നജീബ് കാന്തപുരവും എ. കെ. എം അഷ്റഫും യു. എ ലത്തീഫും ടി. വി ഇബ്രാഹിമും സംസാരിച്ചു. നടപടികൾ പൂർത്തിയാക്കി സഭ പിരിയും മുൻപ് തന്നെ രാഹുൽ മാങ്കൂട്ടത്തിൽ സഭാതലത്തിൽ നിന്ന് ഇറങ്ങി എംഎൽഎ ഹോസ്റ്റലിലേക്ക് പോയി.

അതേസമയം, സഭയിലെത്തിയ രാഹുലിന് പ്രതിപക്ഷ നിരയിൽ വന്ന കുറിപ്പും ചർച്ചയാകുന്നുണ്ട്. രാഹുലിന് ഒരു കുറിപ്പ് കിട്ടുകയും അതിനുള്ള മറുപടി എഴുതി നിയമസഭാ ജീവനക്കാരന്റെ കൈയിൽ ഏൽപ്പിക്കുകയും ചെയ്തു. പിന്നാലെ രാഹുൽ സഭയിൽ നിന്ന് പുറത്തിറങ്ങുകയായിരുന്നു.

വിവാദങ്ങളെ തുടർന്ന് കോൺഗ്രസ് പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽ നിന്നും സസ്പെൻഡ് ചെയ്യപ്പെട്ട രാഹുലിനോട് സഭ സമ്മേളനത്തിൽ പങ്കെടുക്കരുതെന്ന് നിർദേശം നൽകിയിരുന്നു. ഭരണപക്ഷത്തിനെതിരേ ഉയർത്തുന്ന പോരാട്ടങ്ങളുടെ മുനയൊടിക്കാൻ രാഹുലിന്റെ സാന്നിധ്യം ഭരണപക്ഷം ആയുധമാക്കുമെന്ന് പ്രതിപക്ഷ നേതാവ് വ്യക്തമാക്കിയിരുന്നു. എന്നാൽ പാർട്ടിയിലെ ഒരു വിഭാഗം നേതാക്കൾ രാഹുൽ സഭയിലെത്തുന്നത് വിലക്കേണ്ടതില്ലെന്ന നിലപാടാണ് സ്വീകരിച്ചത്.

# ഇന്ത്യ– യുഎസ് വ്യാപാര ചർച്ചകൾ ഇന്ന് ആരംഭിക്കും

ന്യൂഡൽഹി: ഇന്ത്യയ്ക്ക് മേൽ യുഎസ് ഇറക്കുമതി തീരുവ ഇരട്ടിയായി വർധിപ്പിച്ചതിന് പിന്നാലെ ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാര ചർച്ചകൾ ഇന്ന് ആരംഭിക്കും. നേരത്തെ നിശ്ചയിച്ച ചർച്ച തീരുവ പ്രഖ്യാപനത്തെ തുടർന്ന് മാറ്റിവയ്ക്കുകയായിരുന്നു.

കേന്ദ്ര വാണിജ്യ വകുപ്പ് സ്പെഷൽ സെക്രട്ടറി രാജേഷ് അഗർവാളുമായി ദക്ഷിണ-മധ്യ ഏഷ്യയുടെ ചുമതലയുള്ള യുഎസ് വാണിജ്യ ഉപപ്രതിനിധി ബ്രെൻഡൻ ലിൻജ് ഡൽഹിയിൽ കൂടിക്കാഴ്ച നടത്തും.

യുഎസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപ് ഇറക്കുമതി തീരുവ 50 ശതമാനമായി ഉയർത്തിയ സാഹചര്യത്തിൽ ഇന്ന് ആരംഭിക്കുന്ന ചർച്ച നിർണായകമാണ്. 120 ബില്യൺ ഡോളറിന്റെ വ്യാപാരമാണ് ഇന്ത്യ പോയ വർഷം യുഎസുമായി നടത്തിയത്.

പുതിയ തീരുവ പ്രഖ്യാപനം വന്നതിന് പിന്നാലെ ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാരത്തിൽ പ്രതിസന്ധി ഏറുകയാണ്. ഇന്ന് ആരംഭിക്കുന്ന ചർച്ചയിലൂടെ പ്രതിസന്ധികൾക്ക് പരിഹാരമാകുമെന്ന പ്രതീക്ഷയാണുള്ളത്.

## ചൈന മാസ്റ്റേഴ്സ് ബാഡ്മിൻറൺ: പി. വി. സിന്ധു പ്രീക്വാർട്ടറിൽ

ബെയ്ജിംഗ്: ചൈന മാസ്റ്റേഴ്സ് ബാഡ്മിൻറണിൽ ഇന്ത്യയുടെ പി. വി. സിന്ധു പ്രീക്വാർട്ടറിൽ. ഇന്ന് നടന്ന ഒന്നാം റൗണ്ട് മത്സരത്തിൽ വിജയിച്ചതോടെയാണ് സിന്ധു പ്രീക്വാർട്ടറിലെത്തിയത്. ഡെൻമാർക്ക് താരം ജൂലി ജാക്കോബ്സണെയാണ് സിന്ധു ഇന്ന് പരാജയപ്പെടുത്തിയത്. നേരിട്ടുള്ള ഗെയിമുകൾക്കായിരുന്നു സിന്ധുവിന്റെ വിജയം.

# ന്യൂ യോർക്ക് ടൈംസ് വ്യാജവാർത്തകൾ നൽകുന്നു; 15 ബില്യൺ ഡോളറിന്റെ മാനനഷ്ടക്കേസ് നൽകി ഡൊണൾഡ് ട്രംപ്

വാഷിംഗ്ടൺ: യുഎസ് ദിനപത്രമായ ന്യൂ യോർക്ക് ടൈംസിനെതിരെ മാനനഷ്ടക്കേസ് നൽകിയതായി പ്രസിഡൻറ് ഡൊണൾഡ് ട്രംപ്. ട്രൂത്ത് സോഷ്യൽ മീഡിയയിലൂടെയാണ് യുഎസ് പ്രസിഡൻറ് ഇക്കാര്യം സ്ഥിരീകരിച്ചത്.

തനിക്കെതിരെ നിരന്തരം വ്യാജവാർത്തകൾ നൽകുന്നുവെന്ന് ചൂണ്ടിക്കാട്ടി 15 ബില്യൺ ഡോളറിന്റെ മാനനഷ്ടക്കേസ് നൽകിയതായാണ് ട്രംപ് ട്രൂത്ത് സോഷ്യലിലൂടെ വ്യക്തമാക്കിയത്. ഡെമോക്രാറ്റിക് പാർട്ടിയുടെ മുഖപത്രമായി ന്യൂ യോർക്ക് ടൈംസ് മാറിയെന്നും ട്രംപ് ആരോപിച്ചു. ന്യൂ യോർക്ക് ടൈംസിനെ ഏറ്റവും മോശവും അധഃപതിച്ചതുമായ പത്രമെന്ന് വിമർശിച്ചുകൊണ്ടാണ് ട്രംപിന്റെ മാനനഷ്ടക്കേസ്. ന്യൂ യോർക്ക് ടൈംസിനെതിരെ കേസ് നൽകിയതിൽ വളരെ അഭിമാനം തോന്നുന്നുവെന്നും ട്രംപ് വ്യക്തമാക്കി. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് പത്രം കമല ഹാരിസിന് മുൻപേജിൽ നൽകിയ പ്രാധാന്യം നിയമവിരുദ്ധമായ തെരഞ്ഞെടുപ്പ് പ്രചരമാണെന്നും അദേഹം ആരോപിച്ചു. തന്റെ കുടുംബത്തെയും ബിസിനസിനെയും കൂടാതെ അമേരിക്ക ഫസ്റ്റ് പ്രസ്ഥാനത്തെയും കുറിച്ച് പത്രം വ്യാജവാർത്തകൾ നൽകിയതായും ട്രംപ് കൂട്ടിച്ചേർത്തു.

ഡൊണൾഡ് ട്രംപ് അധികാരത്തിലെത്തിയ ശേഷം വാൾട്ട് ഡിസ്നിയുടെ എബിസി ന്യൂസിനെതിരെയും ഇത്തരത്തിൽ മാനനഷ്ടക്കേസ് നൽകിയിരുന്നു.

# അവധിക്ക് അപേക്ഷിച്ച് പത്ത് മിനിട്ടിനുള്ളിൽ ഹൃദയസ്തംഭനം; യുവാവിന് ദാരുണാന്ത്യം

ബംഗളൂരു: യുവാവിന് ഹൃദയസ്തംഭനത്തെ തുടർന്ന് ദാരുണാന്ത്യം. മാനേജരോട് സിക് ലീവിന് അപേക്ഷിച്ച് പത്തുമിനുറ്റിനകമായിരുന്നു യുവാവിന്റെ അന്ത്യം സംഭവിച്ചത്.

ശങ്കർ എന്ന നാൽപതുകാരനാണ് മരിച്ചത്. ആരോഗ്യപ്രശ്നങ്ങളുണ്ടെന്നും അതിനാൽ അവധി വേണമെന്നും ആവശ്യപ്പെട്ട് രാവിലെ 8.37ന് തനിക്ക് മെസേജ് അയച്ചെന്നും പത്തുമിനിറ്റിനകം 8.47ന് അദ്ദേഹം ഹൃദയസ്തംഭനത്തെ തുടർന്ന് അന്തരിച്ചെന്ന് ശങ്കറിന്റെ മാനേജർ കെ. വി. അയ്യർ എക്സിൽ പങ്കുവച്ച കുറിപ്പിൽ പറയുന്നു. 'എന്റെ സഹപ്രവർത്തകരിൽ ഒരാളായ ശങ്കർ ഇന്ന് രാവിലെ 8.37ന് എനിക്ക് മെസേജ് അയച്ചു. സർ, കടുത്ത പുറംവേദന കാരണം എനിക്ക് ഇന്ന് വരാനാകില്ല. ലീവ് അനുവദിക്കണമെന്നായിരുന്നു അത്. ഇത്തരം ലീവ് അപേക്ഷകൾ സാധാരണമായതിനാൽ ശരി വിശ്രമിക്കൂ എന്ന് അദ്ദേഹത്തിന് മറുപടി നൽകി. ദിവസം സാധാരണമായി കടന്നുപോയി. 11.00 മണി ആയപ്പോൾ എനിക്കൊരു ഫോൺ കോൾ വരികയും മുൻപൊരിക്കലുമുണ്ടാകാത്ത പോലെ അതെന്നെ ഞെട്ടിക്കുകയും ചെയ്തു. ശങ്കർ മരിച്ചുവെന്നാണ് വിളിച്ചയാൾ പറഞ്ഞത്. ആദ്യം കേട്ടപ്പോൾ ഞാൻ അത് വിശ്വസിച്ചില്ല. കേട്ടത് ശരിയാണോയെന്ന് ഉറപ്പാക്കാനും വിലാസം ലഭിക്കാനും മറ്റൊരു സഹപ്രവർത്തകനെ വിളിച്ചു. വിലാസം ലഭിച്ചതോടെ ഞാൻ അദ്ദേഹത്തെ വീട്ടിലേക്ക് പാഞ്ഞു. അദ്ദേഹം ജീവനോടെയുണ്ടായില്ല.

ആറ് കൊല്ലമായി ശങ്കർ എന്റെ ടീം അംഗമായിരുന്നു. വെറും നാൽപത് വയസുമാത്രമായിരുന്നു പ്രായം. ആരോഗ്യവാനും ചുറുചുറുക്കുള്ളയാളുമായിരുന്നു. വിവാഹിതനായിരുന്നു. ഒരു കുഞ്ഞുണ്ട്. പുക വലിക്കുമായിരുന്നില്ല. ഒരിക്കലും മദ്യപിച്ചിട്ടില്ല. പെട്ടെന്ന് അദ്ദേഹത്തിന് ഹൃദയസ്തംഭനമുണ്ടാവുകയായിരുന്നു. അദ്ദേഹം എനിക്ക് അവധി ആവശ്യപ്പെട്ട് മെസേജ് അയച്ചത് 8.37ന് ആയിരുന്നു. അന്ത്യശ്വാസം വലിച്ചത് 8.47നും', ഇങ്ങനെയാണ് കെ. വി. അയ്യരുടെ കുറിപ്പ്.

ജീവിതം അത്രമേൽ പ്രവചനാതീതമാണെന്ന വരികളോടെയാണ് അയ്യരുടെ കുറിപ്പ് അവസാനിക്കുന്നത്.

# വൻതാര നിയമങ്ങൾ ലംഘിച്ചിട്ടില്ല; പ്രത്യേക അന്വേഷണ സമിതി സുപ്രീം കോടതിയിൽ റിപ്പോർട്ട് നൽകി

ന്യൂഡൽഹി: റിലയൻസ് ഗ്രൂപ്പ് ചെയർമാൻ മുകേഷ് അംബാനിയുടെ മകൻ ആനന്ദ് അംബാനിയുടെ വൻതാരയ്ക്ക് ക്ലീൻചിറ്റ് നൽകി സുപ്രീംകോടതി. ആനന്ദ് അംബാനി സ്ഥാപിച്ച വൻതാരയിൽ ക്രമക്കേടുകളൊന്നും ഇല്ലെന്നാണ് സുപ്രീം കോടതി നിയോഗിച്ച സമിതിയുടെ കണ്ടെത്തൽ.

വൻതാര മൃഗസംരക്ഷണ കേന്ദ്രത്തെ സംബന്ധിച്ച് നിരവധി ആരോപണങ്ങളുയർന്നസാഹചര്യത്തിലാണ് സുപ്രീംകോടതി പ്രത്യേക സമിതിയെ അന്വേഷണത്തിനായി നിയോഗിച്ചത്.

ജസ്റ്റിസ് പങ്കജ് മിത്തൽ, ജസ്റ്റിസ് പ്രസന്ന ബി വരാലെ എന്നിവരടങ്ങിയ ബെഞ്ചാണ് അഭിഭാഷകനായ സി. ആർ. ജയ സുകിൻ സമർപ്പിച്ച പൊതുതാൽപ്പര്യ ഹർജി പരിഗണിച്ച് അന്വേഷണത്തിന് ഉത്തരവിട്ടത്.

പ്രഥമദൃഷ്ടിയാൽ വൻതാരയിൽ മൃഗങ്ങളുടെ ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നാണ് പ്രത്യേക അന്വേഷണ സമിതി സുപ്രീംകോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നത്. രാജ്യത്ത് നിന്നും വിദേശത്തു നിന്നും ആനകളെയടക്കം വാങ്ങുന്നത് കള്ളപ്പണം വെളുപ്പിക്കലിന്റെ ഭാഗമാണെന്ന് ഉൾപ്പെടെയുള്ള ആരോപണങ്ങൾ നേരത്തെ ഉയർന്നിരുന്നു.

1972 ലെ വനം-വന്യജീവി നിയമവും മൃഗശാലകൾക്കുള്ള നിയമങ്ങളും പാലിക്കുന്നുണ്ടോ, മൃഗങ്ങളെ ഏറ്റെടുക്കുന്നതിലെ നിയമങ്ങൾ വൻതാര ലംഘിക്കുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളാണ് സമിതി അന്വേഷിച്ചത്.

ആനന്ദ് അംബാനിയുടെ വിവാഹത്തോട് അനുബന്ധിച്ചാണ് വൻതാര സാമൂഹ്യമാധ്യമങ്ങളിൽ ഉൾപ്പെടെ വലിയ ശ്രദ്ധ നേടിയത്. സാമൂഹ്യ മാധ്യമങ്ങളിൽ അക്കാലത്ത് വൻതാര വലിയ രീതിയിൽ ചർച്ചകൾക്കും വഴിവച്ചിരുന്നു.

# റോഡ് ഉദ്ഘാടനം ചെയ്ത ട്രാഫിക് എസ്ഐക്ക് സസ്പെൻഷൻ: രാഷ്ട്രീയ പകപോക്കലെന്ന് മാത്യു കുഴൽനാടൻ എംഎൽഎ

കൊച്ചി: ടാറിംഗ് പൂർത്തിയാക്കിയ റോഡിന്റെ ഉദ്ഘാടനം മാത്യു കുഴൽനാടൻ എംഎൽഎയുടെ നിർദേശ പ്രകാരം നിർവഹിച്ച എസ്ഐയെ സസ്പെൻഡ് ചെയ്ത നടപടി രാഷ്ട്രീയ പകപോക്കലാണെന്ന് മാത്യു കുഴൽനാടൻ എംഎൽഎ. റോഡിന്റെ ഉദ്ഘാടനം നടന്നിട്ടില്ലെന്നും താത്കാലികമായി വാഹനങ്ങൾ കടത്തിവിടുക മാത്രമാണ് ചെയ്തതെന്നും അദ്ദേഹം പറഞ്ഞു. മൂവാറ്റുപുഴ ട്രാഫിക് എസ്ഐ കെ. പി. സിദ്ദിഖിനെയാണ് ഡിഐജി എസ്. സതീഷ് ബിനോ കഴിഞ്ഞ ദിവസം സസ്പെൻഡ് ചെയ്തത്. ലോ ആൻഡ് ഓർഡർ ഡിസിപി, കൊച്ചി സിറ്റി ട്രാഫിക് സ്പെഷൽ റിപ്പോർട്ട്, റൂറൽ ജില്ല സ്പെഷൽ ബ്രാഞ്ച് റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിലാണ് നടപടി. സിപിഎം ഏരിയ കമ്മിറ്റിയും മുഖ്യമന്ത്രിക്ക് ഇതു സംബന്ധിച്ച് പരാതി നൽകിയിരുന്നു. പണി തീരാത്ത റോഡിന്റെ ഉദ്ഘാടന കർമം അനൗദ്യോഗികമായി നിർവഹിച്ച് ചടങ്ങിൽ പങ്കെടുത്തത് ഗുരുതരമായ കൃത്യവിലോപവും അനൗചിത്യവും അച്ചടക്കലംഘനവും വരുത്തിയെന്നും ചൂണ്ടിക്കാണിച്ചാണ് സിദ്ദിഖിനെതിരെ നടപടി.

നഗര വികസന പദ്ധതിയുടെ ഭാഗമായി 151 ദിവസമായി അടച്ചിട്ടിരുന്ന നഗരത്തിലെ എംസി റോഡ് ടാറിംഗ് പൂർത്തിയാക്കിയ ശേഷം കഴിഞ്ഞ 12നായിരുന്നു വാഹനങ്ങൾക്കായി തുറന്നു കൊടുത്തത്. തുറന്നു കൊടുക്കുന്ന സമയത്ത് അവിടെയുണ്ടായിരുന്ന കെ. പി. സിദ്ദിഖിനെ മാത്യു കുഴൽനാടൻ എംഎൽഎ നാട മുറിച്ച് ഉദ്ഘാടനം ചെയ്യാൻ വിളിക്കുകയായിരുന്നു. ആദ്യം വൈമുഖ്യം പ്രകടിപ്പിച്ച എസ്ഐ ഒടുവിൽ എംഎൽഎയുടെ നിർദേശ പ്രകാരമാണ് ഉദ്ഘാടനം നിർവഹിച്ചത്. സർക്കാരിന്റെ അനുമതിയില്ലാതെയും, പണി പൂർത്തീകരിക്കാതെയും റോഡ് തുറന്നു കൊടുത്തത് വലിയ ചട്ടലംഘനമായി ആക്ഷേപം ഉയരുകയും ട്രാഫിക് എസ്ഐ മേലധികാരികളുടെ അനുമതി ഇല്ലാതെ ചട്ടവിരുദ്ധമായി ഉദ്ഘാടനം നിർവഹിച്ചത് വലിയ ആക്ഷേപങ്ങൾക്കും പ്രതിഷേധത്തിനും കാരണമാകുകയും ചെയ്ത സാഹചര്യത്തിലാണ് സസ്പെൻഷൻ എന്നാണ് ഡിഐജിയുടെ ഉത്തരവ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# പോലീസ് മർദനം നിയമസഭയിൽ; മുഖ്യമന്ത്രിയുടെ പഴയ പ്രസംഗം ഓർമിപ്പിച്ച് റോജി എം. ജോൺ

തിരുവനന്തപുരം: സംസ്ഥാനത്തെ പോലീസ് മർദനങ്ങളിൽ ആഭ്യന്തരവകുപ്പിനെതിരേ രൂക്ഷവിമർശനവുമായി പ്രതിപക്ഷം നിയമസഭയിൽ. രാജഭരണ കാലത്തെ ഓർമിപ്പിക്കുന്ന പെരുമാറ്റമായിരുന്നു പോലീസിൻറേതെന്നും ജനാധിപത്യപരമായി ചോദ്യം ചെയ്തതിനാണ് യൂത്ത് കോൺഗ്രസ് നേതാവിനെ മർദിച്ചതെന്നും റോജി എം. ജോൺ എംഎൽഎ അടിയന്തരപ്രമേയത്തിൽ കുറ്റപ്പെടുത്തി.

സുജിത്തിനെ 45ലധികം തവണയാണ് പോലീസ് ക്രൂരമായി മർദിച്ചതെന്നും റോജി എം. ജോൺ പറഞ്ഞു. കള്ളക്കേസിൽ കുടുക്കാനും ശ്രമിച്ചു. സസ്പെൻഷൻ ഒരു നടപടി അല്ല. പോലീസ് ഗുണ്ടാസംഘമായി. സസ്പെൻഷൻ ജാള്യത മറയ്ക്കാൻ വേണ്ടിയാണ്. സുജിത്തിനെ മർദിച്ചവരെ സേനയിൽ നിന്ന് നീക്കണമെന്നും റോജി പറഞ്ഞു. പീച്ചിയിലെ മർദ്ദനവും എടുത്തു പറഞ്ഞു കൊണ്ടായിരുന്നു റോജിയുടെ പ്രസംഗം.

കുണ്ടറയിൽ സൈനികനെ തല്ലിച്ചതച്ചു. അടൂരിൽ ഡിവൈഎഫ്ഐ നേതാവ് ജോയലിനെ പൊലീസ് ഇടിച്ചുവെന്ന് ബന്ധുക്കൾ തന്നെ പറയുന്നു. സിപിഎം ലോക്കൽ സെക്രട്ടറിക്ക് പോലും പോലീസിൽ നിന്ന് രക്ഷയില്ല. പേരൂർക്കട സ്റ്റേഷനിൽ ബിന്ദുവിനെ മോഷ്ടാവാക്കാൻ ശ്രമിച്ചു. എല്ലാറ്റിനും കാരണം മുഖ്യമന്ത്രിയുടെ മൗനമാണെന്നും റോജി എം. ജോൺ കുറ്റപ്പെടുത്തി.

നിയമസഭയിൽ പിണറായി വിജയന്റെ പഴയ പ്രസംഗം ഓർമിപ്പിച്ച റോജി എം. ജോൺ, അന്ന് പോലീസ് മർദ്ദനത്തെക്കുറിച്ച് പറഞ്ഞ ആളുടെ പോലീസ് ആണ് ഇപ്പോൾ സുജിത്തിനെ മർദ്ദിച്ചതെന്നും കൂട്ടിച്ചേർത്തു. പോലീസ് സ്റ്റേഷനുകളിൽ നടക്കുന്നത് മനഃസാക്ഷിയെ മരവിപ്പിക്കുന്ന സംഭവങ്ങളാണെന്ന് അനൂപ് ജേക്കബ് എംഎൽഎ പറഞ്ഞു. എന്തുചെയ്താലും സംരക്ഷിക്കപ്പെടുമെന്ന വിശ്വാസമാണ് പോലീസിന്. കംപ്ലെയിൻറ് അതോറിറ്റി പിരിച്ചുവിടണം. സ്ഥലംമാറ്റം നടപടിയല്ലെന്ന് മുഖ്യമന്ത്രി മനസിലാക്കണമെന്നും അനൂപ് ജേക്കബ് എംഎൽഎ പറഞ്ഞു. പോലീസ് കസ്റ്റഡി മർദനങ്ങൾ സഭ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് പ്രതിപക്ഷം ആവശ്യപ്പെടുകയായിരുന്നു. തുടർന്ന് പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയത്തിന് സ്പീക്കർ അനുമതി നൽകുകയായിരുന്നു.




സ്ഥാപനങ്ങളിൽ ലിംഗാധിഷ്ഠിത ബജറ്റിംഗ് നടപ്പാക്കുന്നത് സംബന്ധിച്ച് സംഘടിപ്പിച്ച സംസ്ഥാനതല ശില്പശാല സംസ്ഥാന ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ പ്രൊഫ. വി. കെ. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

# ഡൽഹി ബിഎംഡബ്ല്യു അപകടം; കാർ ഓടിച്ച യുവതിയെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു

ന്യൂഡൽഹി: വാഹനാപകടത്തിൽ കേന്ദ്ര ധനമന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥൻ മരിക്കുകയും ഭാര്യയ്ക്ക് ഗുരുതര പരിക്കേൽക്കുകയും ചെയ്ത സംഭവത്തിൽ കാർ ഓടിച്ച യുവതിയെ രണ്ട് ദിവസത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു.

ബിഎംഡബ്ല്യു കാർ ഓടിച്ച ഗഗൻപ്രീത് സിംഗി(38) നെയാണ് കസ്റ്റഡിയിൽ വിട്ടത്. ഭാര്യയ്ക്കൊപ്പം ബംഗ്ലാ സാഹിബ് ഗുരുദ്വാര സന്ദർശിച്ചു മടങ്ങുന്നതിനിടെയാണ് കേന്ദ്ര ധനമന്ത്രാലയത്തിലെ ഡെപ്യൂട്ടി സെക്രട്ടറി നവ്ജ്യോത് സിംഗ്(52) ബിഎംഡബ്ല്യു കാർ ഇടിച്ചു മരിച്ചത്. ഭാര്യ സന്ദീപ് കൗറിന് ഗുരുതര പരിക്കേറ്റു. ഇവർ സഞ്ചരിച്ച ബൈക്കിൽ കാർ ഇടിക്കുകയായിരുന്നു.

ഗഗൻപ്രീതിനെ മനഃപൂർവമല്ലാത്ത നരഹത്യയും മറ്റ് കുറ്റങ്ങളും ചുമത്തി പോലീസ് അറസ്റ്റ് ചെയ്തു. അപകടത്തിന് പിന്നാലെ നവ്ജ്യോത് സിംഗിനെയും ഭാര്യ സന്ദീപ് കൗറിനെയും ഗഗൻപ്രീത് അടുത്തുള്ള ആശുപത്രിയിലെത്തിക്കുന്നതിന് പകരം അപകടം നടന്ന സ്ഥലത്ത് നിന്നും 19 കിലോമീറ്റർ അകലെയുള്ള ആശുപത്രിയിലെത്തിച്ചത് ദുരൂഹതയുയർത്തിയിരുന്നു.

ഗുരുതരമായി പരിക്കേറ്റിട്ടും നവജ്യോതിനും ഭാര്യയ്ക്കും ചികിത്സ നൽകുന്നതിന് മുൻപ് ഗഗൻപ്രീതിനും ഭർത്താവിനും ചികിത്സ നൽകിയെന്നും ആരോപണം ഉയർന്നിരുന്നു.

# പുതിയ മേഖലകളിലടക്കം ജൻഡർ ബജറ്റിംഗ് നടപ്പിലാക്കണം: പ്രൊഫ വി കെ രാമചന്ദ്രൻ

പാരമ്പര്യമേഖലകൾക്കൊപ്പം നവീന മേഖലകളിലും ജൻഡർ ബജറ്റിംഗ് നടപ്പിലാക്കണമെന്ന് സംസ്ഥാന ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ പ്രൊഫ വി.കെ രാമചന്ദ്രൻ അഭിപ്രായപ്പെട്ടു. സ്ഥാപനങ്ങളിൽ ലിംഗാധിഷ്ഠിത ബജറ്റിംഗ് നടപ്പാക്കുന്നത് സംബന്ധിച്ച് സംഘടിപ്പിച്ച സംസ്ഥാനതല ശില്പശാല തിരുവനന്തപുരം മാസ്ക്കറ്റ് ഹോട്ടലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജൻഡർ ബജറ്റിംഗിലൂടെ സ്ത്രീകളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പുറമെ സമൂഹത്തിന്റെ മൊത്തത്തിലുള്ള പുരോഗതിയാണ് സാധ്യമാക്കുന്നത്. വനിതാ ശിശു വികസനം, സാമൂഹിക നീതി, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ജൻഡർ ബജറ്റിംഗ് സാധ്യതകൾ കേരളം മികച്ച രീതിയിൽ പ്രയോജനപ്പെടുത്തുന്നു.

ഇതിലൂടെ ദേശീയ തലത്തിൽ സംസ്ഥാനം മറ്റൊരു മികച്ച മാതൃകയാണ് സൃഷ്ടിച്ചത്. കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, ശാസ്ത്ര സാങ്കേതികം, മത്സ്യബന്ധനം തുടങ്ങിയ മേഖലകളിലടക്കം ജൻഡർ ബജറ്റിംഗ് നടപ്പിലാക്കണം. തൊഴിൽ, വരുമാനം എന്നതിനൊപ്പം സംരംഭകത്വമുൾപ്പെടെ സാധ്യമാകുന്ന രീതിയിലാകണം ബജറ്റിംഗ്. ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്ത്രീ പങ്കാളിത്തം വർധിപ്പിക്കുന്നതിനായുള്ള കാഴ്ചപ്പാടോടെ ബജറ്റിംഗ് വേഗത്തിലാക്കണം. പുതിയ തൊഴിലുകൾ സൃഷ്ടിക്കപ്പെടുന്ന സാഹചര്യത്തിൽ സ്ത്രീ സൗഹൃദമായ സൗഹചര്യങ്ങളായ പ്ലേ സ്കൂളുകളടക്കം വിഭാവനം ചെയ്യണം. ഇത്തരത്തിൽ ഭാവി പ്രവർത്തനങ്ങൾ തിരിച്ചറിഞ്ഞ് പദ്ധതികൾക്ക് തുല്യതയിലധിഷ്ഠിതമായ ബജറ്റിംഗ് ചെയ്യാൻ ശിൽപ്പശാല പ്രേരണയായി മാറുമെന്നും പ്രൊഫ വി.കെ രാമചന്ദ്രൻ പറഞ്ഞു.

ആസൂത്രണ ബോർഡ് അംഗം മിനി സുകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ സോഷ്യൽ സർവീസ് ഡിവിഷൻ ചീഫ് ഡോ. ബിന്ദു പി വർഗീസ് സ്വാഗതമാശംസിച്ചു.

ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഡോ.വീണ എൻ മാധവൻ ആമുഖ പ്രഭാഷണം നടത്തി. ആസൂത്രണ ബോർഡ് അംഗങ്ങളായ ഡോ. പി.കെ ജമീല, പ്രൊഫ ജിജു പി അലക്സ്, ഡോ. രവി രാമൻ, പ്രൊഫ വറുഗീസ് ജോർജ് എന്നിവർ സംബന്ധിച്ചു.

## രാഹുൽ സഭയിലെത്തിയത് ജനങ്ങളോടും സഭയോടുമുള്ള അനാദരവ്; ജനങ്ങൾ എല്ലാം കാണുന്നുണ്ട്: ഇ. പി. ജയരാജൻ

തിരുവനന്തപുരം: വിവാദങ്ങൾക്കിടെ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ നിയമസഭയിൽ എത്തിയത് ജനങ്ങളോടും സഭയോടുമുള്ള അനാദരവാണെന്ന് സിപിഎം കേന്ദ്രകമ്മിറ്റിയംഗം ഇ. പി. ജയരാജൻ. രാഹുലിന് നിയമപരമായി സഭയിൽ വരാൻ അധികാരമുണ്ട്. എന്നാൽ ധാർമികയുടെ ഭാഗമായി അതില്ലെന്നും പ്രതിപക്ഷ നേതാവ് പോയി പണി നോക്കട്ടെ എന്ന നിലപാടാണിതെന്നും ജയരാജൻ കൂട്ടിച്ചേർത്തു. ആരോപണങ്ങൾ വസ്തുതയുടെ അടിസ്ഥാനത്തിലാണ് പുറത്ത് വന്നത്. എന്തും ചെയ്യാൻ അധികാരമുണ്ട് എന്നത് അങ്ങേയറ്റം തെറ്റാണ്. ചരമോപചാരം എന്ന ആദരവിനെ പരിഹസിക്കുന്ന നിലപാടാണിത്. കേരളത്തിലെ ജനങ്ങൾ എല്ലാം കാണുന്നുണ്ട്. യുഡിഎഫിലെ എല്ലാ കക്ഷികൾക്കും ഇതിനോട് യോജിപ്പാണെന്ന് കരുതുന്നില്ലെന്നും ജയരാജൻ പറഞ്ഞു.

## രാഹുൽ മാങ്കൂട്ടത്തിൽ നിയമസഭയിൽ; പ്രതിപക്ഷനിരയിലെ പിൻബെഞ്ചിൽ ഇരിപ്പിടം

തിരുവനന്തപുരം: വിവാദങ്ങൾക്കിടെ പാലക്കാട് എംഎൽഎ രാഹുൽ മാങ്കൂട്ടത്തിൽ നിയമസഭയിലെത്തി. സഭ തുടങ്ങി 20 മിനിറ്റ് പിന്നിപ്പോൾ മുൻ മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദനെ അനുസ്മരിക്കുന്നതിനിടെയാണ് രാഹുൽ കയറി വന്നത്. യൂത്ത് കോൺഗ്രസ് തിരുവനന്തപുരം ജില്ലാ പ്രസിഡൻറ് നേമം ഷജീറിനൊപ്പം സ്വകാര്യ വാഹനത്തിലാണ് രാഹുലെത്തിയത്. ഒപ്പം സുഹൃത്തുക്കളുമുണ്ടായിരുന്നു. പ്രത്യേക ബ്ലോക്കിലായിരിക്കും രാഹുൽ മാങ്കൂട്ടത്തിൽ ഇരിക്കുക. രാഹുൽ സഭയിലേക്ക് എത്തിയ സമയം അനുകൂലമോ പ്രതികൂലമോ ആയ പ്രതികരണങ്ങളൊന്നും തന്നെ ഉണ്ടായില്ല. രാഹുൽ സഭയിലെത്തുമോ എന്ന കാര്യത്തിൽ സസ്പെൻസ് നിലനിന്നിരുന്നു. അദ്ദേഹത്തിന്റെ സ്റ്റാഫ് ഒൻപതോടെ സഭയിലെത്തിയിരുന്നു. പ്രതിപക്ഷ നേതാവ് വിഡി സതീശന്റെ എതിർപ്പ് തള്ളിയാണ് രാഹുൽ സഭയിലെത്തിയത്. പ്രതിപക്ഷ നിരയിലെ പിൻബെഞ്ചിൽ, അവസാന നിരയിലെ അവസാന സീറ്റിലാണ് രാഹുലിന്റെ ഇരിപ്പിടം.

## കൂടുതൽ പ്രവാസികളെ തെരഞ്ഞെടുപ്പിന്റെ ഭാഗമാക്കും: കമ്മീഷൻ

തിരുവനന്തപുരം: കൂടുതൽ പ്രവാസികളെ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമാക്കാൻ കമ്മീഷൻ. വോട്ടർ പട്ടിക തീവ്രപരിഷ്കരണത്തിന്റെ (സ്പെഷൽ ഇൻറൻസീവ് റിവിഷൻ എസ്ഐആർ) ഭാഗമായാണ് കൂടുതൽ പ്രവാസികളെ തെരഞ്ഞെടുപ്പിന്റെ ഭാഗമാക്കുന്നത്. നിലവിൽ വോട്ടർപട്ടികയിൽ പേരുള്ളവർ ഓൺലൈനായി രേഖകളും എന്യൂമറേഷനും അപ്ലോഡ് ചെയ്താൽമതി.

ഇതിന്റെ ഭാഗമായി 19ന് നോർക്കയുമായി മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ ചർച്ച നടത്തും. വോട്ടർപട്ടികയിൽ പേരുള്ള പ്രവാസികൾ ഓൺലൈനായി നൽകിയ വിവരങ്ങൾ സ്ഥിരീകരിക്കാൻ ബിഎൽഒമാർ വീടുകളിലെത്തും. സംശയമുണ്ടെങ്കിലോ വീട്ടിൽ ആളില്ലെങ്കിലോ വീഡിയോ -വാട്സാപ്പ് കോളുകൾ ചെയ്തോ ജനപ്രതിനിധികളടക്കമുള്ളവരുമായി ബന്ധപ്പെട്ടോ നിജസ്ഥിതി ഉറപ്പാക്കുമെന്ന് മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. ഖേൽക്കർ പറഞ്ഞു. പുതുതായി വോട്ടു ചേർക്കുമ്പോഴും ഇതേ രീതിയാകും.

വോട്ടർ പട്ടിക തീവ്ര പരിഷ്കരണത്തിന്റെ (എസ്ഐആർ) ഭാഗമായി പ്രവാസികളെ ചേർക്കുമ്പോൾ അപേക്ഷകർക്ക് വീട്ടുനമ്പർ വേണമെന്നാണ് തെരഞ്ഞെടുപ്പ് കമ്മിഷന്റെ നിർദേശം. വോട്ടറുടെ താമസസ്ഥലത്തെ കൃത്യമായി തിരിച്ചറിയുന്ന ഒരുനമ്പർ രേഖപ്പെടുത്തണമെന്നാണ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിഷന്റെ നിർദേശം.

## രാഹുൽ മാങ്കൂട്ടത്തിലിനെ കടന്നാക്രമിച്ച് കെ. ടി. ജലീൽ; ഗർഭഛിദ്ര ആരോപണം ഉന്നയിച്ച് പരാമർശം

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയെ കടന്നാക്രമിച്ച് കെ. ടി. ജലീൽ എംഎൽഎ. സംസ്ഥാനത്തെ പോലീസ് അതിക്രമങ്ങളിൽ നിയമസഭയിൽ നടക്കുന്ന അടിയന്തര പ്രമേയ ചർച്ചയ്ക്കിടെയാണ് കെ. ടി. ജലീൽ രാഹുലിനെതിരെ പരാമർശം ഉന്നയിച്ചത്. ചർച്ചയ്ക്കിടെ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്കെതിരായ ഗർഭഛിദ്ര ആരോപണം കെ. ടി. ജലീൽ ഉന്നയിച്ചു.

ഒരു കുട്ടിയുടെ ജനിക്കാനുള്ള അവകാശം നിഷേധിച്ച് ഭ്രൂണത്തിൽ തന്നെ കുട്ടിയെ കൊന്ന് കളഞ്ഞു എന്ന ആരോപണം നേരിടുന്ന രാഹുലിനെ പോലെ ആണോ എല്ലാ കോൺഗ്രസുകാരും എന്നായിരുന്നു ജലീലിന്റെ ചോദ്യം. പി. കെ. ഫിറോസിനെ പോലെ അല്ല എല്ലാ ലീഗുകാരുമെന്നും ജലീൽ പറഞ്ഞു. അതുപോലെ എല്ലാ പോലീസുകാരും പുഴുക്കുത്തുകളല്ല. പോലീസ് അതിക്രമങ്ങൾ എല്ലാകാലത്തും ഉണ്ടായിട്ടുണ്ടെന്നും ജലീൽ നിയമസഭയിൽ പറഞ്ഞു.

## നേതാക്കളുടെ നിർദേശം: രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് നിയമസഭയിൽ എത്തിയില്ല

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ ഇന്ന് നിയമസഭയിലെത്തിയില്ല. എല്ലാ ദിവസവും സഭയിലേക്ക് വരേണ്ടെന്ന നേതാക്കളുടെ നിർദേശ പ്രകാരമാണ് ഇത്. ലൈംഗിക ആരോപണങ്ങളിൽ സസ്പെൻഷനിലായ രാഹുൽ മാങ്കൂട്ടത്തിൽ നിയമസഭയിലേക്ക് വരേണ്ട എന്നായിരുന്നു പ്രതിപക്ഷ നേതാവിന്റെ നിലപാട്.

# രാജ്യത്തെ ഏറ്റവും മികച്ച പോലീസ് സേന കേരളത്തിലേത്; നിയമസഭയിൽ പോലീസിനെ പുകഴ്ത്തി മുഖ്യമന്ത്രി

തിരുവനന്തപുരം: രാജ്യത്തെ ഏറ്റവും മികച്ച പോലീസ് സേന കേരളത്തിലേതാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയ ചർച്ചയിൽ മറുപടി പറയുകയായിരുന്നു അദേഹം. പോലീസിലെ തെറ്റായ പ്രവണതകളെ സംരക്ഷിക്കില്ലെന്നും പിണറായി പറഞ്ഞു. സംസ്ഥാനത്തെ മുൻകാല കോൺഗ്രസ് സർക്കാരുകൾ കമ്യൂണിസ്റ്റുകാരെ ക്രൂരമായി വേട്ടയാടിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ ആരോപിച്ചു. തനിക്ക് മർദനമേറ്റത് സ്റ്റാലിന്റെ റഷ്യയിലല്ലെന്നും കോൺഗ്രസ് ഭരണകാലത്ത് ആയിരുന്നെന്നും അദേഹം കൂട്ടിച്ചേർത്തു.

കോൺഗ്രസ് ഭരണകാലത്ത് കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരെ ലോക്കപ്പിനകത്ത് മർദിച്ച് കൊലപ്പെടുത്തിയിട്ടുണ്ടെന്നും അന്നൊക്കെ എന്ത് നടപടിയാണുണ്ടായതെന്നും മുഖ്യമന്ത്രി ചോദിച്ചു. കേരള പോലീസ് വളരെ വലിയ സേനയാണ്. ചിലർ തെറ്റ് ചെയ്താൽ സംരക്ഷിക്കേണ്ട ബാധ്യതയില്ലെന്നും പിണറായി കൂട്ടിച്ചേർത്തു. പോലീസിനെ അകമ്പടി സേവിക്കുന്നവരാക്കി മാറ്റിയത് കോൺഗ്രസ് ആണെന്നും മുഖ്യമന്ത്രി ആരോപിച്ചു. പോലീസ് യൂണിഫോമിടുന്ന എല്ലാവരിൽ നിന്നും ക്രിമിനൽ സ്വഭാവം ഇല്ലാതാകില്ലെന്നും അത്തരത്തിൽ തെറ്റ് ചെയ്യുന്നവരെ സംരക്ഷിക്കില്ലെന്നും പിണറായി വിജയൻ ആവർത്തിച്ചു. 2016 മുതൽ 2025 വരെ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട 144പോലീസ് ഉദ്യോഗസ്ഥരെ സർവീസിൽ നിന്നും

പിരിച്ചുവിട്ടതായും മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞു. കസ്റ്റഡി മർദനം നേരിട്ട യൂത്ത് കോൺഗ്രസ് പ്രവർത്തകൻ സുജിത്തിന്റെ പരാതിയിൽ ആദ്യം തന്നെ നടപടിയെടുത്തിരുന്നതായും മുഖ്യമന്ത്രി സഭയിൽ വ്യക്തമാക്കി. രാജ്യത്ത് തന്നെ ഇത്തരത്തിൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്ത മറ്റേതെങ്കിലും സർക്കാരുണ്ടോയെന്നും പിണറായി ചോദിച്ചു.

ഇന്ന് ചേർന്ന നിയമസഭ സമ്മേളനത്തിൽ കസ്റ്റഡി മർദ്ദനത്തിൽ നടത്തിയ അടിയന്തര പ്രമേയ ചർച്ചയിൽ കഴിഞ്ഞ ദിവസങ്ങളിൽ ഉയർന്നുവന്ന പരാതികൾ ഉന്നയിച്ച് പ്രതിപക്ഷം നിയമസഭയിൽ ആഞ്ഞടിച്ചിരുന്നു.

# സ് കൂളുകൾക്കായി 5,000 അഡ്വാൻസ്ഡ് റോബോട്ടിക് കിറ്റുകൾക്ക് കൈറ്റ് ടെൻഡർ ക്ഷണിച്ചു

### ചലിക്കുന്ന റോബോട്ടുകൾ മുതൽ സ്മാർട്ട് കാലാവസ്ഥാ കേന്ദ്രങ്ങൾ വരെ ഇനി സ്കൂളുകളിൽ

സ്കൂളുകളിൽ റോബോട്ടിക്സ് പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൈറ്റ് (കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ) 5,000 അഡ്വാൻസ്ഡ് റോബോട്ടിക് കിറ്റുകൾക്കായി ടെൻഡർ ക്ഷണിച്ചു. എല്ലാ ഹൈസ്കൂളുകളിലെയും ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിൽ ഈ കിറ്റുകൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ആർഡിനോ യൂനോ 3 ഉൾപ്പെടെ 15 ഓളം ഘടകങ്ങൾ അടങ്ങുന്ന 29000 റോബോട്ടിക് കിറ്റുകൾ നേരത്തെ സ്കൂളുകൾക്ക് കൈറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ഈ അധ്യയന വർഷം മുതൽ നാല് ലക്ഷത്തിലധികം പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്നവിധം റോബോട്ടിക്സ് പഠനം ഇപ്പോൾ ഐസിടി പാഠ്യ പദ്ധതിയുടെ ഭാഗമായി മാറിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായാണ് ഐ.ഒ.ടി ഉപകരണങ്ങൾ ഉൾപ്പെടെ തയ്യാറാക്കാൻ സഹായിക്കുന്ന പുതിയ അഡ്വാൻസ്ഡ് റോബോട്ടിക് കിറ്റുകൾ.പുതിയ കിറ്റിൽ ഐ.ഒ.ടി. സംവിധാനം ഒരുക്കുന്നതിനുള്ള വൈഫൈ, ബ്ലൂടൂത്ത് കണക്ടിവിറ്റി തുടങ്ങിയ സൗകര്യങ്ങളുള്ള ഇ എസ് പി 32 അധിഷ്ഠിതമായ ഡെവലപ്മെന്റ് ബോർഡാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അൾട്രാസോണിക് ഡിസ്റ്റൻസ്, സോയിൽ മോയിസ്ചർ, പി.ഐ.ആർ. മോഷൻ, ലൈൻ ട്രാക്കിംഗ് സെൻസറുകൾ ഉൾപ്പെടെയുള്ള സെൻസറുകളുടെ ഒരു നിരയും കിറ്റിൽ ലഭ്യമാണ്. കൂടാതെ, ഒരു 4ഡബ്ല്യുഡി സ്മാർട്ട് കാർ ഷാസി കിറ്റ്, ഒരു സബ്മെഴ്സിബിൾ മിനി വാട്ടർ പമ്പ്, ഒരു റീച്ചാർജ് ചെയ്യാവുന്ന ലിഥിയം-അയൺ ബാറ്ററി പാക്ക് എന്നിവയും അഡ്വാൻസ്ഡ് കിറ്റിന്റെ ഭാഗമാകും. വൈവിധ്യമാർന്ന മോഡലുകൾ നിർമ്മിക്കാൻ ഇത് കുട്ടികളെ സഹായിക്കും.

പ്രത്യേക പാത പിന്തുടരുന്ന റോബോട്ടുകൾ, ചെടികൾക്ക് ഓട്ടോമാറ്റിക്കായി വെള്ളം ഒഴിക്കാനുള്ള സംവിധാനം, ചലനം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്ന സുരക്ഷാ സംവിധാനങ്ങൾ, കാഴ്ച പരിമിതർക്ക് നടക്കാൻ സഹായിക്കുന്ന ഉപകരണം, വായു ഗുണനിലവാര പരിശോധനാ സൗകര്യം, സ്മാർട്ട് എനർജി സേവിങ് ഡിവൈസ്, സ്മാർട്ട് വെതർ സ്റ്റേഷനുകൾ തുടങ്ങിയ സങ്കീർണ്ണമായ പ്രോജക്റ്റുകൾ നിർമിക്കാൻ അഡ്വാൻസ്ഡ് കിറ്റുകൾ വിദ്യാർത്ഥികളെ സഹായിക്കും. വിവിധ പ്രോജക്ടുകൾ തയ്യാറാക്കുന്നതോടൊപ്പം ഇലക്ട്രോണിക് സർക്യൂട്ടുകളെക്കുറിച്ച് പഠിക്കാനും അവയിലെ പ്രശ്നങ്ങൾ കണ്ടെത്താനും, ബ്ലോക്ക് കോഡിങ്, പൈത്തൺ, സി മുതലായവ ഉപയോഗിച്ച് ഇവയിൽ പ്രോഗ്രാമിങ് ചെയ്യാനും വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കും.

കേരള സർക്കാരിന്റെ ഇ-ടെൻഡർ പോർട്ടലായ ൈലേിറലൃെസലൃമഹമ്ഴീശി വഴി ടെൻഡർ സമർപ്പിക്കാനുള്ള അവസാന തീയതി സെപ്റ്റംബർ 25 ആണ്. ഡിസംബറോടെ പുതിയ കിറ്റുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ലിറ്റിൽ കൈറ്റ്സ് കരിക്കുലം പുറത്തിറക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്ത് പറഞ്ഞു. ഇതിനായി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി കൈറ്റ് പരിശീലനം നൽകും.

## കാസർഗോട്ട് പത്താം ക്ലാസ് വിദ്യാർഥിനിയെ വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തി

കാസർഗോട്: ബന്തടുക്ക ഉന്തത്തടുക്കയിൽ പത്താം ക്ലാസ് വിദ്യാർഥിനിയെ വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തി. കുണ്ടംകുഴി സ്കൂളിൽ പഠിക്കുന്ന ദേവിക (15) ആണ് മരിച്ചത്. ഇന്ന് രാവിലെ ദേവികയെ തൂങ്ങിമരിച്ച നിലിയിൽ കണ്ടെത്തുകയായിരുന്നു. കിടപ്പുമുറിയിൽ സാരിയിൽ തൂങ്ങിയ നിലയിലായിരുന്നു മൃതദേഹം. ബന്തടുക്ക ഉന്തത്തടുക്കയിലെ സവിതയുടെ മകളാണ് ദേവിക. പിതാവ് നേരത്തെ മരിച്ചിരുന്നു. ദേവികയുടെ മരണത്തിനിടയാക്കിയ കാരണം വ്യക്തമല്ല. ബേഡകം പോലീസ് സ്ഥലത്തെത്തി ഇൻക്വസ്റ്റ് അടക്കമുള്ള നടപടികൾ ആരംഭിച്ചു.

## ബസ് യാത്രയ്ക്കിടെ യുവതിയെ ഉപദ്രവിച്ച സംഭവം; വയോധികൻ അറസ്റ്റിൽ

തൃശൂർ: ബസ് യാത്രയ്ക്കിടെ യുവതിയെ ഉപദ്രവിച്ച സംഭവത്തിൽ വയോധികൻ അറസ്റ്റിൽ. എങ്ങണ്ടിയൂർ പഴയേടത്ത് മുരളീധരൻ (65) ആണ് അറസ്റ്റിലായത്. വാടാനപ്പള്ളി പോലീസാണ് ഇയാളെ അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ ഞായറാഴ്ച രാത്രി 9.30നാണ് കേസിനാസ്പദമായ സംഭവം. ഗുരുവായൂരിൽ നിന്നും പറവൂർ ഭാഗത്തേക്ക് പോകുകയായിരുന്ന കെഎസ്ആർടിസി ബസിൽ യാത്ര ചെയ്യുകയായിരുന്നു യുവതി. ചേറ്റുവ പാലം കഴിഞ്ഞപ്പോൾ മുരളീധരൻ യുവതിയെ ലൈംഗിക ഉദ്ദേശ്യത്തോടു കൂടി സ്പർശിച്ച് മാനഹാനി വരുത്തുകയായിരുന്നു. യുവതിയെ പുറകിൽ നിന്ന് ഇയാൾ പല തവണ സ്പർശിച്ചു. തിരക്കായതു കൊണ്ടാകും എന്നു കരുതി യുവതി മുന്നിലേക്ക് കയറി നിന്നു. എന്നാൽ പ്രതി വീണ്ടും പുറകിൽ പോയി നിന്ന് സ്പർശിച്ച് മാനഹാനി വരുത്തുകയും അശ്ലീലമായി സംസാരിക്കുകയും ചെയ്തുവെന്നാണ് കേസ്. യാത്രക്കാരി പ്രതികരിച്ചതോടെ ബസിലെ മറ്റ് യാത്രക്കാർ ഇയാളെ തടഞ്ഞ് വയ്ക്കുകയും പോലീസിനെ അറിയിക്കുകയുമായിരുന്നു.